പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 121    10-09-2007 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉല്പാദനവും ഉപഭോഗവും

**ചോദ്യം**

ശ്രീ. വി. ശശി കുമാർ
" പി. ജയരാജൻ
ശ്രീമതി കെ.കെ.ലതിക
ശ്രീ. കെ.വി കുഞ്ഞിരാമൻ
" എം.എം. മോനായി

**മറുപടി**

ശ്രീ.എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പ്രതിദിന വൈദ്യുതി ഉല്പാദനവും ഉപഭോഗവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് 2007-08 ൽ ആഗസ്റ്റ് 31 വരെ വൈദ്യുതിയുടെ പ്രതിദിന ശരാശരി ഉല്പാദനം 27 ദശലക്ഷം യൂണിറ്റും പ്രതിദിന ശരാശരി ഉപഭോഗം 40.57 ദശലക്ഷം യൂണിറ്റുമാണ്.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം കണക്കിലെടുത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം കണക്കിലെടുത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്.

1. അടുത്ത നാലുവർഷത്തിനുള്ളിൽ മൊത്തം 470.90 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

2) കൽക്കരി സമൃദ്ധമായ ഒറീസ്സയിൽ ബൈതരണിയിൽ ഒരു കൽക്കരി പാടം ഒറീസ്സ ഗുജറാത്ത് സംസ്ഥാനങ്ങളോടൊപ്പം കേരളത്തിലും അനുവദിച്ച് കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്. ഇത് ഉപയോഗിച്ച് 1000 മെഗാവാട്ടിന്റെ ഒരു താപനിലയം സ്ഥാപിക്കുവാൻ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

3) കാറ്റിൽ നിന്നുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് രാമക്കൽ മേട്ടിലും അട്ടപ്പാടിയിലും വിൻഡ് ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4) 35 വർഷം പഴക്കം ചെന്ന നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണം (റിനോവേഷൻ), നവീകരണം (മോഡേണൈസേഷൻ), സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ (അപ്പ്റേറ്റിംഗ്) പ്രവർത്തനകാലം ദീർഘിപ്പിക്കൽ(ലൈഫ് എക്സ്റ്റൻഷൻ) എന്നീ ജോലികൾ നടത്തിവരുന്നുണ്ട്.

5) കായംകുളം താപനിലയത്തിന്റെ ശേഷി ദ്രവീകൃത പ്രകൃതിവാതകം (എൽ.എൻ.ജി) ഉപയോഗിച്ച് നിലവിലുള്ള 360 മെഗാവാട്ടിൽ നിന്ന്2,300 മെഗാവാട്ടായി ഉയർത്താനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

6) താങ്ങാനാവാത്ത വിലക്കയറ്റം മൂലം വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയാതിരിക്കുന്ന കായംകുളം താപനിലയം, ബി.എസ്.ഇ.എസ്. താപനിലയം കാസർഗോഡ് താപനിലയം,കോഴിക്കോട് ഡീസൽ നിലയം,ബ്രഹ്മപുരം ഡീസൽ നിലയം എന്നിവക്ക് എക്സൈസ് ഡ്യൂട്ടി ഒഴിവാക്കി താങ്ങാവുന്ന വിലയ്ക്ക് നാഫ്തയും എൽ.എസ്..എച്ച്.എസ്സും (ലോസൾഫർ ഹെവി സ്റ്റോക്ക്) ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട്ആവശ്യപ്പെട്ടിട്ടുണ്ട്.

7) ചെറുകിട ജലവൈദ്യുത പദ്ധതികൾ പരമാവധി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.പാലക്കാട് ജില്ലാ പഞ്ചായത്തു നടപ്പാക്കുന്ന മീൻവല്ലം(3MW) കോഴിക്കോട് ജില്ലാ പഞ്ചായത്തു നടപ്പാക്കുന്ന അരിപ്പാറ (3.5MW) . വിയ്യാറ്റ് പവർ ലിമിറ്റഡ് നടപ്പാക്കുന്ന ഇരുട്ടുക്കാനം എന്നിവയുടെ പ്രവർത്തനം നടന്നുവരുന്നു.

8) ഇപ്പോഴുള്ള ജലവൈദ്യുത പദ്ധതികളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അഗ് മെന്റേഷൻ പദ്ധതികളും എക്സ്റ്റൻഷൻ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

9) അടുത്ത പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, സർവ്വേകൾ, ഡിസൈൻ തയ്യാറാക്കൽ എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

10) ഊർജ്ജ സംരക്ഷണത്തിലൂടെ ഉണ്ടാവുന്ന വൈദ്യുതി ലാഭം വൈദ്യുതി ഉല്പാദനം പോലെ തന്നെ പ്രധാനമാണ്. കഴിഞ്ഞ സാമ്പത്തികവർഷം എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന എനർജി ഓഡിറ്റിംഗ് പ്രവർത്തികളിലൂടെ 8MW ന് തുല്യമായ വൈദ്യുതി ലാഭിക്കാനായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പ്ലാനിംഗ് ബോർഡിന്റെ ഒരു ഫ്ലാഗ് ഷിപ്പ് പ്രോജക്ട് എന്ന നിലയിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അനർട്ട്, ഇ.എം.സി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി തുടങ്ങിയവയുടെ സഹകരണത്തോടെ ഊർജ്ജ സംരക്ഷണം പാരമ്പര്യേതര സ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ, ബയോഗ്യാസ് പ്ലാന്റുകൾ ബയോഗ്യാസിഫയറുകൾ എന്നിവയിലൂടെ വികേന്ദ്രീകൃതമായ വൈദ്യുതി ഉല്പാദനം എന്നിവയാണ് മിഷൻ മുഖാന്തിരം ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| | | | ഇപ്പോൾ പണി നടത്തിവരുന്ന നേര്യമംഗലം (25 മെഗാവാട്ട്), കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം(100മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം(60 മെഗാവാട്ട്) കുറ്റ്യാടി ടെയിൽ റേസ്(3.75) മെഗാവാട്ട്) എന്നീ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഭരണാനുമതി ലഭിച്ച പദ്ധതികൾ എത്രയും വേഗം ടെൻഡർ ചെയ്യുന്നതിനും, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായ പദ്ധതികൾക്കു എത്രയും വേഗം ഭരണാനുമതി ലഭ്യമാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | ഈ വർഷം ഏതെല്ലാം വൈദ്യുത പദ്ധതികൾ പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | ഈ സാമ്പത്തിക വർഷം താഴെ പറയുന്ന പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിന്നു.<br>1. നേര്യമംഗലം(25 മെഗാവാട്ട്)<br>2. കുറ്റ്യാടി ടെയിൽ റേസ്(3.75) മെഗാവാട്ട്)<br>3. ഇടുക്കി അഗ് മെന്റേഷൻ സ്കീമായ കുറ്റിയാർ ഡൈവേർഷൻ സ്കീം (37 മില്യൺ യൂണിറ്റ്)<br>4. കാറ്റിൽനിന്ന് രണ്ട് പദ്ധതികളിലായി ((1)രാമക്കൽ മേട് ഇടുക്കി,(2) അട്ടപ്പാടി പാലക്കാട്) ഈ വർഷം 17MW പദ്ധതി പൂർത്തീകരിക്കും. |
| (ഡി) | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം ഈ വർഷം പൂർത്തിയാക്കുമോ? | (ഡി) | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം(100MW) ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. എന്നാൽ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസവും, കാലവർഷ കെടുതിയും കാരണം അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 122

10. 9. 2007-ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്ക് ആധുനിക ഇൻഫർമേഷൻ സെന്ററുകൾ**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.വി.തോമസ് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ആധുനിക സൗകര്യങ്ങളുള്ള ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം എവിടെയൊക്കെ സ്ഥാപിച്ചു എന്ന് വെളിപ്പെടുത്തുമോ; | എ) സ്ഥാപിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ 9 കടലോര ജില്ലകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ആധുനിക സൗകര്യങ്ങളുള്ള ഇൻഫർമേഷൻ സെന്ററുകൾ 'മത്സ്യ വിജ്ഞാന കേന്ദ്രം' എന്ന പേരിൽ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>1) ഫിഷറീസ് സ്റ്റേഷൻ, വിഴിഞ്ഞം, തിരുവനന്തപുരം<br>2) എഫ്.എഫ്.ഡി.എ., നീണ്ടകര, കൊല്ലം<br>3) മത്സ്യഭവൻ, ആലപ്പുഴ<br>4) ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ, എറണാകുളം<br>5) ഫിഷറീസ് ടെക്നിക്കൽ സ്കൂൾ, ചാവക്കാട്, തൃശൂർ<br>6) ഫിഷറീസ് ജില്ലാ ഓഫീസ്, പൊന്നാനി<br>7) ഫിഷറീസ് സ്റ്റേഷൻ, ബേപ്പൂർ, കോഴിക്കോട്<br>8) ഫിഷറീസ് സ്റ്റേഷൻ, കണ്ണൂർ<br>9 ) ഫിഷറീസ് ജില്ലാ ഓഫീസ്, കാസർഗോഡ്. |
| ബി) എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | ബി) മത്സ്യവിജ്ഞാന കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി താഴെപറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.<br>1. കമ്പ്യൂട്ടർ സൗകര്യം<br>2. ഇൻറർനെറ്റ്<br>3. മത്സ്യവകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ വികസന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള പരസ്യ ബോർഡ് സംവിധാനം<br>4. കാലാവസ്ഥ പ്രവചനങ്ങൾ, മത്സ്യ ലഭ്യത, പ്രകൃതി ക്ഷോഭം തുടങ്ങിയ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനുള്ള പബ്ലിക് അഡ്രസ് സിസ്റ്റം.<br>5. മത്സ്യം ലഭ്യമായ മേഖലയെക്കുറിച്ചുള്ള മലയാളത്തിലുള്ള റിപ്പോർട്ട് ദിവസേന പ്രദർശിപ്പിക്കുന്നതിന് വൈറ്റ് ബോർഡ് സംവിധാനം.<br>6. മത്സ്യവകുപ്പിന്റെ വിവിധ പദ്ധതികൾ, പ്രവർത്തനങ്ങൾ, അവയുടെ ഓഫീസുകൾ, ബന്ധപ്പെടേണ്ട നമ്പരുകൾ എന്നിവയെക്കുറിച്ചുള്ള മലയാളത്തിലുള്ള ബുക്ക്ലെറ്റുകൾ.<br>7. മത്സ്യവകുപ്പും അതിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാകുന്നതിന് ആവശ്യമായ അച്ചടിച്ച ഫോമുകൾ<br>8. മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനും മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുമായി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഫിഷറീസ് ഇൻഫർമേഷൻ ഓഫീസർമാരായി ഓരോ മത്സ്യ വിജ്ഞാന കേന്ദ്രത്തിലും നിയമിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.123

10.09.2007ൽ മറുപടിക്ക്

## കേന്ദ്ര നികുതികളുടെ സംസ്ഥാന വിഹിതം സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.ബാബു | ഡോ.ടി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തു നിന്ന് പിരിക്കുന്ന കേന്ദ്ര നികുതികളുടെ അർഹമായ വിഹിതം സംസ്ഥാനത്തിന് ലഭിക്കാതിരിക്കുന്നുണ്ടോ ?<br><br>ബി) എങ്കിൽ സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു ?<br><br>സി) അതിനു വേണ്ടി സംസ്ഥാനം ആവിഷ്ക്കരിച്ച് കേന്ദ്രത്തിന് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള വിഹിതം ലഭിക്കുന്നുണ്ട്. എന്നാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശുപാർശ ചെയ്യുന്ന നികുതി വിഹിതം തുടർച്ചയായി കുറഞ്ഞുവരുന്നതാണ് അനുഭവം. പത്താം ധനകാര്യ കമ്മീഷൻ 3.4 ശതമാനം കേരളത്തിന് നികുതിവിഹിതമായി നിശ്ചയിച്ചപ്പോൾ 11-ാം ധനകാര്യ കമ്മീഷനിൽ ഇത് 3.057 ശതമാനമായിരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് നികുതി വിഹിതം 2.665 ശതമാനമായി കുറഞ്ഞു. കേരളം പോലുള്ള സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യങ്ങൾ ധനകാര്യ കമ്മീഷനുകളുടെ പരിഗണനാ വിഷയമായി തീരുമാനിക്കാത്തതും ധനകാര്യ കമ്മീഷൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ കേരളത്തിന് അനുയോജ്യമല്ലാത്തതുമാണ് ഇപ്രകാരം നികുതി വിഹിതം തുടർച്ചയായി കുറയുവാൻ കാരണം. സംസ്ഥാനങ്ങൾക്ക് മൊത്തത്തിൽ കേന്ദ്ര സർക്കാർ നൽകുന്ന വിഹിതം ഗണ്യമായി വർദ്ധിപ്പിക്കണമെന്നാണ് കേരള സർക്കാരിന്റെ അഭിപ്രായം. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ സംബന്ധിച്ചും തീർപ്പിനെ സംബന്ധിച്ചും സംസ്ഥാന സർക്കാർ തന്നെ ആക്ഷേപങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് പരിഗണനാ വിഷയങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. ഈ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# CONSIDERATIONS RELEVANT TO THE TERMS OF REFERENCE OF THE THIRTEENTH FINANCE COMMISSION

## GOVERNMENT OF KERALA
## FINANCE DEPARTMENT

The widening gap between the resource raising powers of the State Governments and their constitutional responsibilities undoubtedly remains the single biggest cause of the imbalance in centre-state fiscal relations. Rectification of this persistent problem calls for innovative and insightful policies aimed at correcting the state of public finances in the country. No doubt, this process will have to stem from the first step of drafting of the Terms of Reference (TOR) of the Finance Commission itself.

Terms of reference of successive Finance Commissions have conformed to a typical two part structure. The first merely reiterates the constitutional provisions enshrined in Article 280 of the Constitution. This section of the TOR, which holds the key to the working of the Finance Commission, is often invariant in style and has not gone through any significant deviation over the years. In the second part, the TOR details out the considerations that the Commission should bear in mind while going about its tasks assigned to it under Article 280. These considerations are often set out in the TOR as broad contours of areas that should be looked into by the Finance Commission while making their recommendations. In other words, the TOR does not ensure that these considerations get finally translated into actual devolution of resources. The persistent incremental approach that is clearly evident in the reports of the Finance Commissions in the past, originates to a large extent from the high degree of immutability of the TOR itself. Thus, the structure of the TOR itself might itself have been the most serious limitation on what could otherwise provide an opportunity for a Finance (Commission to conduct a meaningful and exhaustive probe into several of the inter related issues of revenue augmentation and expenditure management.

To overcome this limitation, the Terms of Reference of the Thirteenth Finance Commission should not leave issues in the form of considerations alone but specifically and explicitly charge the Commission with the responsibility of finding solutions to several vexing problems that beset (Centre-State financial relations.

1) **Equitable sharing of growth in total revenues of the Centre**

The basic asymmetry in command over resources between the Centre and the States, which the Finance Commissions are supposed to mitigate has starkly accentuated of late by the nature of India's growth process. The service sector is increasing far more rapidly than the commodity producing sectors, but the taxation of the service sector which has become an extremely lucrative revenue resource is in the hands of the Centre. The devolution formulae devised by the Finance Commissions till incapable of overcoming this discrepancy. The Centre is left with far greater discretion than is constitutionally warranted in devolving funds to the States.

The Constitutionally-mandated devolution through the Finance Commission therefore shrinks relatively compared to other types of devolution, such as through the *Planning* Commission and through discretionary transfers. It is imperative therefore that the Finance Commission's formulae should change, to allow for a certain amount of fixed transfer, and additional transfer over and above this amount in proportion to the Centre's tax receipts. The following terms of reference therefore should be added:

"To review the formulae under which transfers have been made till now by the successive Finance Commissions, and to devise a system, whereby in addition to specified absolute amounts transferred to the states to meet their basic fiscal needs, some extra transfer is provided in proportion to the Centre's tax revenue".

2) **Centrally Sponsored Schemes**

For nearly three decades now, States have been arguing for complete transfer of Centrally Sponsored Schemes with funds earmarked for them. The schemes in the domain of State subjects in the constitution, should best be designed and administered by the States themselves using the funds transferred by the Centre. But of late, a new dimension has been added which makes the present arrangement even more violative of the spirit of federalism. There is a growing tendency to load Centrally Sponsored Schemes with 'conditions that seek to impose policies or views of the (centre or the ministry administering the scheme. JNNURM is an obvious case in point,

where the Central government makes the provision of its assistance conditional upon the states reducing Stamp Duty to 5 percent. This is sought to be justified through Laffer Curve-type reasoning. It defies reason that the Central government should now insist that all state governments should subscribe intellectually to Laffer Curve economics. The issue concerns not only the spirit of federalism but also the efficacy of the schemes themselves since the "one-size-fits-all" formula underlying such schemes is not even conducive to meeting their social objectives. The following terms of reference therefore should be added:

"To review the existing arrangement of Central transfers to states under Centrally Sponsored Schemes and to suggest ways of altering these arrangements to provide greater autonomy to the state governments in the design and administration of such schemes".

**3) Impact of policies of the Centre on State Finances**

The third area relates to compensation to states for Central policies. We now have a scandalous situation where the Union government enters into bilateral and multilateral trade agreements with other countries, which have an immense bearing on the agricultural sector, without even consulting the state governments, even though agriculture is a state subject. The justification given for such agreements is that they are "in the national interest". Since they hurt agriculturists, they can not obviously be in every one's interest, but must be favouring only some groups. Elementary economics suggests that in all such cases, at the very least, a system of compensation of losers by the gainers should be put in place, which in the present context realistically can only mean compensation by the Central government to state governments for the losses suffered by agriculturists belonging to the latter's domain. The Central government produces at present occasional "relief packages" for those who are hit by distress caused by its own policies, but such occasional "relief packages", which are subject to the Centre's discretion, are no substitute for a system of compensation that would be in keeping with the spirit of the Constitution in allocating powers between the Centre and the states. This situation has become particularly urgent now, since the increase in the value of the rupee, which is a result of the Centre's policy, is hurting

peasants everywhere, including in Kerala, with no system of compensation in place. Hence the following must be added to the terms of reference:

"To devise a system whereby the states are compensated by the Centre for losses suffered in sectors, like agriculture, which are under the jurisdiction of the states, owing directly to the policies of the Central government".

4) **Greater recognition of special problems faced by individual States**

A direct offshoot of the restrictive terms of Reference of the past Finance Commissions, is that each Finance Commission invariably ends up with a mechanically drawn up normative scheme for devolution. Such a scheme by itself alone, ignores the diversity of the States, the magnitude and nature of their problems and the limits on the resources that each individual State faces in discharging its constitutional responsibilities. We would like to propose that while a normative approach should continue to the primary basis for devolution; the Thirteen Finance Commission should be given a mandate to give greater attention to the special problems faced by the individual states.

5) **Devolution to Local Self Governments (LSGIs)**

Article 280(3 )(c) of the Constitution stipulates that the measures needed to augment the Consolidated Fund of a State to supplement the resources of the Panchayats and Municipalities in the State should be on the basis of the recommendations made by the State Finance Commissions. But State Governments, as a whole have a mixed record in the manner in which they have approached the reports of' the State Finance Commissions. Some State Governments have accepted the recommendations of their State Finance Commissions in toto there are other States who after accepting the recommendations have failed to implement them. There are a few States who have done practically next to nothing on the recommendations of their State Finance Commission. Hence we would recommend strongly that the Terms of Reference should provide that the actual extent of devolution and the breadth and depth of the decentralisation process in each State should be the basis for further devolution and resource transfer to the local bodies.

Theoretically State Governments should stand relieved of a number of functions which have been devolved to LSGIs. This should have been reflected as a direct reduction in the expenditure side of the budget of the State government. But in reality, the situation is far more complex. It is not easy for State government to shed their financial commitment in spheres that legitimately belong to local bodies, for the primary reason that, most LSGIs are little equipped now to take on this additional burden. Hence in Kerala, the State Government continues to meet the salaries of staff (e.g. teachers and PRI staff) working in institutions under LSGIs. Clearly, such expenditure met by the State Government should be reckoned as part of the devolution to local bodies. LSGIs, being a creation of the constitution, it is only legitimate that the Centre should share the burden of providing such support equally with the State Government. We are of the view, that the TOR should make definite provision in it for evaluating the financing gap on account of committed expenditure in local bodies that are now being met by State governments and provide for corresponding devolution targeted to fill the same.

The devolution to the LSGIs by the last three Finance Commissions constitute a miniscule ratio when considered in relation to GSDP. The Thirteenth Finance Commission should be given an explicit mandate to ensure that the post devolution Revenue ratio of LSGIs to GSDP reaches a minimum average level equal to other developing countries.

## 6) Additional resource mobilization by Local Self Governments

In many developed countries where LSGIs have a strong presence and role in economic and social growth, LSGIs enjoy extensive resource raising powers often comparable with sub-national and national governments. Many such countries have given tax-exempt status for bonds raised by there municipal bodies. Given the rapid growth of debt markets in India it is appropriate that LSGIs should be given opportunities to raise funds in the primary debt markets. Unless this is done, LSGIs would find themselves unable live up their constitutional requirements and effectively fulfill their role in building local infrastructure in particular. In India, State Governments are allowed some access to market borrowings. Such a limited facility is now not available to LSGIs. While we would not argue for diluting prudential

considerations while facilitating LSGIs in accessing debt markets, we feel that there could be several channels opened up for LSGIs for additional resource mobilization. The terms reference should require the Finance Commission to draw up a blueprint for creating opportunities for local bodies to access the growing debt markets in India.

## 7) Conclusion

The Constitution of India recognizes that there is a clear mismatch between the functions allocated to the centre and the States and their powers to raise resources. It also implicitly acknowledges that that the more buoyant tax sources fall within the domain of the centre. While drawing up the Terms of Reference, it would well be worth to constantly keep in mind that the Finance Commission is the only constitutional mechanism that can attempt to rectify this imbalance periodically. We hope that the Terms of Reference of the Thirteenth Finance Commission will ambitiously set the framework for the Commission to respond to the challenges in the context of the changes in the Indian economy and correct the distortions and imbalance in the Centre State financial equation that have starkly been increasing over time.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :124     10-09-2007 ൽ മറുപടിയ്ക്ക്

ഡാമുകളുടെ സംഭരണ ശേഷി കൂട്ടുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി വിശ്വൻ<br>" കെ.കെ. ജയചന്ദ്രൻ<br>" കെ.കുഞ്ഞമ്മത് മാസ്റ്റർ<br>" എം.ജെ.ജേക്കബ് | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും<br>ഊർജ്ജവും<br>വകുപ്പ് മന്ത്രി) |
| (എ) കാലവർഷത്തെ തുടർന്ന് സംസ്ഥാനത്തെ ജലസംഭരണികളിലെ ജലനിരപ്പ് മുൻ വർഷത്തേക്കാൾ ഉയർന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട് |
| (ബി) സംഭരണശേഷി കുറഞ്ഞ ഡാമുകളിലെ ജലം വൈദ്യുതോല്പാദനത്തിന് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏതെല്ലാം ഡാമുകളിലാണ് ഇങ്ങനെ വൈദ്യുതി ഉല്പാദിപ്പിക്കുന്നത്; | (ബി) ഉണ്ട്. സംഭരണ ശേഷി കുറവുള്ള നേര്യമംഗലം, പൊരിങ്ങൽ, ചെങ്കുളം, ലോവർ പെരിയാർ, കക്കാട് എന്നീ ജല സംഭരണികൾ മഴക്കാലത്ത് നിറഞ്ഞു കവിയാൻ സാധ്യതയുള്ളതിനാൽ, മഴക്കാലത്ത് ഈ സംഭരണികളിൽ നിന്നുള്ള ജലമുപയോഗിച്ച് പരമാവധി വൈദ്യുതി ഉല്പാദനം നടത്തുന്നു. കൂടാതെ ശരാശരി സംഭരണശേഷിയുള്ള കുറ്റ്യാടി, തരിയോട്, ആനയിറങ്കൽ, പൊന്മുടി എന്നീ സംഭരണികളിലെ ജലനിരപ്പ് മഴക്കാലത്ത് തുടർച്ചയായി പരിശോധിച്ച് നിറഞ്ഞു കവിയാനിടവരാത്ത രീതിയിൽ പരമാവധി വൈദ്യുതോല്പാദനം നടത്തുന്നു. |
| (സി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഡാമുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) ഇല്ല. എന്നാൽ ഓഗ്മെന്റേഷൻ, ഡൈവേർഷൻ സ്കീമുകൾ മുഖാന്തിരം സംഭരണിയിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കുവാൻ നടപടി എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.125 10.09.2007-ൽ മറുപടിക്ക്

## ചെക്ക്പോസ്റ്റുകൾ അഴിമതി വിമുക്തമാക്കുവാൻ നടപടികൾ


ചോദ്യം

ശ്രീ.എൻ.രാജൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.ബാബുപോൾ
ശ്രീ.കെ.അജിത്

ഉത്തരം

ഡോ.റ്റി.എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പ് മന്ത്രി)


| | |
|---|---|
| ( എ) ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലെ കൗണ്ടറുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പുതുക്കി പണിയുകയും കൗണ്ടറുകളിൽ വൈദ്യുതി തടസ്സം കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വാളയാറിലെ കൗണ്ടറുകൾ പ്രവർത്തിക്കുന്ന കെട്ടിടം എയർകണ്ടീഷൻ ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റിനകത്ത് വേണ്ടത്ര വെളിച്ചം ലഭിക്കുന്നതിനായി മേജർ ചെക്ക്പോസ്റ്റുകളായ വാളയാർ, മഞ്ചേശ്വരം ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ്ഫ്ളഡ് ലൈറ്റ് സംവിധാനം ഏർപ്പെടുത്തി. പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ ഇലക്ട്രോണിക് വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. താല്ക്കാലികമായവ ഒഴികെയുള്ള ചെക്ക്പോസ്റ്റുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുകയും പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ ഓൺലൈൻ ഡേറ്റാ എൻട്രി സമ്പ്രദായം നിലവിൽ വരുകയും ചെയ്തു. പാലക്കാട് വാളയാർ ചെക്ക്പോസ്റ്റ്, ചെക്കിംഗ് യാർഡ് വിപുലീകരണം, ചെക്കിംഗ് പ്ലാറ്റ്ഫോമിന്റെ പുനരുദ്ധാരണം, നാഷണൽ ഹൈവേ സൈഡിൽ നികുതി വിധേയമല്ലാത്ത ചരക്ക് കടത്തുന്ന വാഹനങ്ങൾ |

| | |
|---|---|
| | പരിശോധിക്കുന്നതിന് റോഡ് പുനരുദ്ധാരണ പണികൾ എന്നിവ ചെയ്ത് സജ്ജമാക്കി. ഉപയോഗ ശൂന്യമായ ടോയിലറ്റ്, ബാത്ത്റൂം, വാട്ടർ ടാങ്ക് ഇവ പൊളിച്ചു നീക്കി പുതിയവ പണിയുന്നതിനുള്ള നടപടികൾ എടുത്തു. തടസ്സമില്ലാതെ വൈദ്യുതി വിതരണം ലഭ്യമാക്കുന്നതിന് പ്രത്യേക ലൈൻ എടുക്കുന്ന നടപടികൾ പൂർത്തിയായി. കൂടാതെ ഇവിടെ ഇൻവർടറും സ്ഥാപിച്ചു. വാളയാർ ചെക്ക്പോസ്റ്റിൽ ചരക്ക് വാഹനങ്ങളുമായി എത്തുന്നവരുടെ സഹായത്തിനായി ഹെൽപ്പ്ഡെസ്ക് ഏർപ്പെടുത്തി. ഇവിടെ ആവശ്യമുള്ള ഫാനങ്ങൾ, ഫോട്ടോകോപ്പി മെഷീൻ, ടെലഫോൺ, മറ്റു സൗകര്യങ്ങൾ എന്നിവയും ലഭ്യമാണ്. നികുതി വിധേയമല്ലാത്ത വാഹനങ്ങൾ താമസംവിനാ കടത്തിവിടുന്നതിന് പ്രത്യേക ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തി. വാഹനങ്ങളുടെ നീക്കം നിയന്ത്രിക്കുന്നതിനായി മലയാളം, തമിഴ്, കന്നഡ, ഹിന്ദി എന്നീ ഭാഷകളിൽ മൈക്ക് അനൗൺസ്മെന്റ് ഏർപ്പെടുത്തി. വേലന്താവളം ചെക്ക്പോസ്റ്റ് സൗകര്യപ്രദമല്ലാത്ത സ്ഥലത്തുനിന്നും കോഴിപ്പാറ എന്ന സ്ഥലത്തേക്ക് മാറ്റി പുതിയ കെട്ടിടത്തിൽ സ്ഥാപിച്ചു. |
| (ബി) ഏതെല്ലാം ചെക്ക്പോസ്റ്റുകളിൽ ആധുനിക സംവിധാനങ്ങൾഏർപ്പെടുത്തിക്കഴിഞ്ഞു ; പ്രസ്തുത സംവിധാനങ്ങൾ എത്ര കാലത്തിനുള്ളിൽ ബാക്കി ചെക്ക് പോസ്റ്റുകളിൽ കൂടി ഏർപ്പെടുത്തും ; | (ബി) പ്രധാനപ്പെട്ട എല്ലാ ചെക്ക്പോസ്റ്റുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചു. ഓൺലൈൻ ഡാറ്റാ എൻട്രി സംവിധാനം ഏർപ്പെടുത്തി. പ്രധാനപ്പെട്ട എല്ലാചെക്ക്പോസ്റ്റുകളിലും ഇലക്ട്രോണിക് വേയ്ബ്രിഡ്ജ് സ്ഥാപിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. |

'25

| | |
|---|---|
| (സി) സംസ്ഥാനത്ത് അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ടോ ; സംസ്ഥാനത്തെ മുഴുവൻ ചെക്ക്പോസ്റ്റുകളും അഴിമതി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ? | (സി) ഉണ്ട്. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കുന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട് . പോലീസിന്റെ സഹായം ആവശ്യമുള്ള വാളയാർ, നടുപ്പുണ്ണി, ഗോപാലപുരം ചെക്ക്പോസ്റ്റുകളിൽ പോലീസ് സഹായം ഏർപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പോസ്റ്റ് ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. പുറമേ നിന്നുള്ള ആൾക്കാർ ചെക്ക്പോസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ഇടപെടുന്നത് പാലക്കാട് ജില്ലയിൽ പൂർണ്ണമായും ഒഴിവായിട്ടുണ്ട്. ചെക്ക്പോസ്റ്റിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പു വരുത്താൻ സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായവും നടപ്പിലാക്കുവാൻ തീരുമാനിക്കുകയും വാളയാറിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :126

10/09/2007-ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് സംബന്ധമായി റഗുലേറ്ററി കമ്മീഷന് നൽകിയിട്ടുള്ള ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ, എം. എൽ. എ<br>ശ്രീ. പള്ളിപ്രം ബാലൻ, എം. എൽ. എ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ, എം. എൽ. എ<br>ശ്രീ. കെ. രാജു, എം. എൽ. എ | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ. വൈദ്യുതി നിരക്കുമായി ബന്ധപ്പെട്ട ശുപാർശകൾ വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; | എ. സംസ്ഥാന റഗുലേറ്ററി കമ്മീഷൻ 23/04/2007-ൽ സ്വമേധയാ ഒരു കരട് താരിഫ് നിർദ്ദേശം പുറപ്പെടുവിക്കുകയും, അതിൻമേൽ വൈദ്യുതി ബോർഡിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മീഷന് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിൻ പ്രകാരം വൈദ്യുതി ബോർഡിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 23/05/2007-ൽ കമ്മീഷന് സമർപ്പിച്ചിരുന്നു. |

ബി. ഉണ്ടെങ്കിൽ ഓരോ ഇനത്തിലും ഇപ്പോഴുള്ള വൈദ്യുതി നിരക്കും വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന നിരക്കും എത്രയാണെന്ന് വ്യക്തമാക്കുമോ ;

ബി. നിലവിലുള്ള നിരക്കുകളും ബോർഡ് നിർദ്ദേശിച്ച നിരക്കുകളും താഴെ പട്ടികയിൽ കൊടുക്കുന്നു.

i) പവർ ഇൻറൻസീവ് വ്യവസായങ്ങൾ

| | നിലവിലുള്ള താരിഫ് | | ബോർഡിൻെറ നിർദ്ദേശം | |
|---|---|---|---|---|
| | ഡിമാൻറ് ചാർജ്ജ് | എനർജി ചാർജ്ജ് | ഡിമാൻറ് ചാർജ്ജ് | എനർജി ചാർജ്ജ് |
| ഇ.എച്ച്.റ്റി | രൂപ/ കെ.വി.എ /മാസം | രൂപ/ യൂണിറ്റ് | രൂപ/ കെ.വി.എ/ മാസം | രൂപ/ യൂണിറ്റ് |
| 66 കെ.വി | 260 | 2.90 | 260 | 3.90 |
| 110കെ.വി | 245 | 2.90 | 245 | 3.90 |
| എച്ച്.റ്റി | 270 | 3.00 | 270 | 4.00 |

ii) റയിൽവേ ട്രാക്ഷൻ

| | നിലവിലുള്ളത് | ബോർഡിൻെറ നിർദ്ദേശം |
|---|---|---|
| ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ /മാസം) | 230 | 300 |
| എനർജി ചാർജ്ജ്,രൂപ/ യൂണിറ്റ് | 2.25 | 3. 50 |

iii) വാണിജ്യം

| | നിലവിലുള്ളത് | ബോർഡിൻെറ നിർദ്ദേശം |
|---|---|---|
| ഡിമാൻറ് ചാർജ്ജ് (രൂപ/ കെ.വി.എ /മാസം) | 350 | 400 |
| എനർജി ചാർജ്ജ്,രൂപ/ യൂണിറ്റ് | 3.20 | 4.20 |

iv) വൈദ്യുതിയിൽ അൻപത് ശതമാനത്തിലധികംസ്വ ന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന ലൈസൻസി കൾ.

| | നിലവിലുള്ള താരിഫ് | | ബോർഡിൻെറ നിർദ്ദേശം | |
|---|---|---|---|---|
| | ഡിമാൻറ് ചാർജ്ജ് | എനർജി ചാർജ്ജ് | ഡിമാൻറ് ചാർജ്ജ് | എനർജി ചാർജ്ജ് |
| ഇ.എച്ച്.റ്റി | രൂപ/ കെ.വി.എ /മാസം | രൂപ/ യൂണിറ്റ് | രൂപ/ കെ.വി. എ/ മാസം | രൂപ/ യൂണിറ്റ് |
| 66 കെ.വി | 240 | 2.60 | 260 | 2.90 |
| 110കെ.വി | 225 | 2.60 | 245 | 2.90 |
| എച്ച്റ്റി | 255 | 2.75 | 270 | 3.00 |

സി. ഈ നിരക്ക് വർദ്ധന വ്യവസായങ്ങളെ സാരമായി ബാധിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

സി. വൈദ്യുതി അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന പവർ ഇൻറൻസീവ് വ്യവസായങ്ങൾക്ക് മാത്രമേ ബോർഡ് നിരക്ക് വർദ്ധന ശുപാർശ ചെയ്തിട്ടുള്ളൂ. മറ്റു വ്യവസായങ്ങൾക്ക് വർദ്ധന ശുപാർശ ചെയ്തിട്ടില്ല. ചില വ്യവസായ സ്ഥാപനങ്ങൾ സംഘടനകൾ പവർ ഇൻറൻ സീവ് വ്യവസായങ്ങൾ തുടങ്ങിയവ ചാർജ്ജ് വർദ്ധിപ്പി ക്കുവാനുള്ള നിർദ്ദേശം തങ്ങളെ ബാധിക്കുമെന്ന ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്.

ഇത് പ്രാഥമികമായ ശുപാർശയാണ്. പൊതു തെളിവെടുപ്പിൻെറ കൂടി അടിസ്ഥാനത്തിൽ റഗുലേറ്ററി കമ്മീഷനാണ് അന്തിമ തീരുമാനം എടുക്കേണ്ടത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 127     10-09-2007 ൽ മറുപടിയ്ക്ക്

## വൈദ്യുതി ഉല്പാദനരംഗത്ത് സ്വകാര്യ സംരംഭകർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജോർജ്ജ് മേഴ്സിയർ<br>പ്രൊഫ. കെ.വി. തോമസ്<br>ശ്രീ.തേറമ്പിൽരാമകൃഷ്ണൻ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി ഉല്പാദനരംഗത്ത് സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ രംഗത്തേയ്ക്ക് സ്വകാര്യ സംരംഭകരെ ക്ഷണിച്ചിട്ടുണ്ടോ; | (ബി) | ചെറുകിട ജല വൈദ്യുതോല്പാദന രംഗത്ത് സ്വതന്ത്ര വൈദ്യുതി ഉല്പാദനത്തിനും (ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ) വ്യാവസായിക യൂണിറ്റുകൾക്ക് സ്വന്തം ഉപയോഗത്തിനായും (ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർ) ടെൻഡർ മുഖേനയാണ് സംരംഭകരെ കണ്ടെത്തിവരുന്നത്. |
| (സി) | എങ്കിൽ ഏതെല്ലാം സ്വകാര്യ സംരംഭകർ ഏതെല്ലാം വൈദ്യുതി ഉല്പാദന പദ്ധതികൾ ഏറ്റെടുത്തു നടത്തിവരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) | (table below) |

| പദ്ധതി | നടപ്പിൽ വരുത്തിയ തിയതി | സ്വകാര്യ സംരംഭകർ |
|---|---|---|
| 1. മണിയാർ (12MW) | 30-12-94 | മെസ്സേഴ്സ് കാർബോറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്. |
| 2.കുത്തുങ്കൽ (21MW) | 01-06-2001 | മെസ്സേഴ്സ് ഇൻഡ്സിൽ ഇലക്ട്രോ സ്മെൽറ്റ്സ് ലിമിറ്റഡ് |
| 3. ബി.എസ്. ഇ.എസ് (157 MW) | 05-06-01 & 01-03-02 | മെസ്സേഴ്സ് ബി.എസ്.ഇ.എസ് കേരള പവർ ലിമിറ്റഡ്. |
| 4. കെ.പി.സി. എൽ(20.43 MW) | 01-01-2001 | മെസ്സേഴ്സ് കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ്. |

2004ൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചു നൽകിയ 13 ജല വൈദ്യുത പദ്ധതികളിൽ ഇരുട്ടുകാനം 3MW) പദ്ധതിക്കുവേണ്ടി വിയ്യാത്ത് പവർ ലിമിറ്റഡ് എന്ന സ്ഥാപനം കെ.എസ്.ഇ.ബി യുമായി പവർ പർച്ചേസ് എഗ്രിമെന്റ് 07-06-2007 ൽ ഒപ്പുവച്ചിട്ടുണ്ട്. രാമക്കൽ മേട്ടിലും അഗളിയിലും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന രണ്ടു പദ്ധതികൾക്കുള്ള സാങ്കേതികാനുമതി നൽകുകയും പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 128

10/09/2007-ൽ മറുപടിക്ക്

വൈദ്യുതിചാർജ്ജ് കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. എം. മോനായി, എം. എൽ. എ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ, എം. എൽ. എ<br>ശ്രീമതി.കെ. എസ്. സലീഖ, എം. എൽ. എ<br>ശ്രീമതി. കെ.കെ. ലതിക, എം. എൽ. എ<br>ശ്രീ. പി. ടി. എ. റഹിം, എം. എൽ. എ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) | |
| എ | വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ എന്തു തുക ലഭിക്കാനുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ; | എ. | വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ 30/06/2007-ലെ കണക്കുപ്രകാരം ലോടെൻഷൻ വിഭാഗത്തിൽ സർചാർജ് ഉൾപ്പെടെ 704.75 കോടി രൂപയും ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിൽ 1138.03 കോടി രൂപയും (സർചാർജ്ജ് കൂടാതെ) കിട്ടാനുണ്ട്. ഹൈടെൻഷൻ വിഭാഗത്തിൻെറ സർചാർജ്കണക്കാക്കി വരുന്നതേയുള്ളൂ. ഇതിൻെറ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി. | കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി. | കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് വൈദ്യുതിബന്ധം വിച്ഛേദിക്കൽ, തവണ വ്യവസ്ഥകൾ, ഒററത്തവണ തീർപ്പാക്കൽ, പൂട്ടിക്കിടക്കുന്ന കാലത്തെ മിനിമം ഡിമാൻറ് ഒഴിവാക്കൽ, റവന്യൂറിക്കവറി അദാലത്തുകൾ തുടങ്ങിയ നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചുവരുന്നു.<br>ബോർഡ് ആവശ്യപ്പെട്ടതു പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ഇതനുസരിച്ച് സർക്കാർകുടിശ്ശിക വകുപ്പു തിരിച്ച് ഈടാ |

ക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. കോടതിയുടെ പരിഗണനയിലുള്ള ഉപഭോക്താക്കളുടെ കുടിശ്ശികകൾ സംബന്ധിച്ചുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കാനായി ബോർഡിന്റെ സ്റ്റാൻഡിംഗ് കൗൺസിലുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനെല്ലാം ഉപരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികളെ വിവിധ തരത്തിൽ ഊർജ്ജിതമാക്കാൻ ഒരു കർമ്മസേനയെയും രൂപീകരിച്ചിട്ടുണ്ട്.

സി. സർക്കാർ സ്ഥാപനങ്ങൾ നൽകാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണ് ;

സി. 30/06/2007-ലെ കണക്കുപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ നൽകേണ്ട വൈദ്യുതിചാർജ് കുടിശ്ശിക താഴെ പറയും പ്രകാരമാണ്.

ലോടെൻഷൻ വിഭാഗം(സർചാർജ് ഉൾപ്പെടെ) 129.73 കോടി രൂപ

ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ വിഭാഗം (സർചാർജ് കൂടാതെ) - 13.390 കോടി രൂപ.

ഹൈടെൻഷൻ വിഭാഗത്തിന്റെ സർചാർജ് കണക്കാക്കിവരുന്നതേയുള്ളൂ.

ഡി. കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഡി. കുടിശ്ശിക വരുത്തിയ സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതിബന്ധം കൃത്യമായി വിച്ഛേദിച്ചുവരുന്നുണ്ട്.

[signature]

സെക്ഷൻ ഓഫീസർ.

അനുബന്ധം: (എ)

## 30.06.2007 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ സംക്ഷിപ്തം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | എൽ.റ്റി (Rs) (സർചാർജ്ജ് ഉൾപ്പെടെ) | എച്ച് റ്റി. (Rs) (സർചാർജ്ജ് ഇല്ലാതെ) |
|---|---|---|---|
| 1 | സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 1,294,055,141 | 129,872,884 |
| 2 | സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ | 4,740,954,856 | 4,846,706,913 |
| 3 | സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ | 132,824,479 | 32,308,119 |
| എ | സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും ആകെ പിരിഞ്ഞ് കിട്ടാനുള്ള തുക | **6,167,834,476** | **5,008,887,916** |
| 4 | കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ | 3,227,537 | 4,028,610 |
| 5 | കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ | 1,968,671 | 469,542,722 |
| 6 | ഇന്റർ സ്റ്റേറ്റ് എനർജി | NIL | 187,962,539 |
| 7 | സ്വകാര്യ മേഖല സ്ഥാപനങ്ങൾ | 874,500,766 | 5,709,903,496 |
| ബി | കേന്ദ്ര ഗവൺമെന്റ്, ഇന്റർ സ്റ്റേറ്റ് എനർജി & സ്വകാര്യ മേഖല വിഭാഗത്തിൽ നിന്നും ആകെ പിരിഞ്ഞ് കിട്ടാനുള്ള തുക | **879,696,974** | **6,371,437,367** |
| | ആകെ തുക | **7,047,531,450** | **11,380,325,283** |

കുറിപ്പ്: എച്ച് റ്റി./ഇ എച്ച് റ്റി. വിഭാഗത്തിന്റെ സർചാർജ്ജ് കണക്കാക്കിവരുന്നതേയുള്ളൂ.

അനുബന്ധം: (ബി)

## 30.06.2007 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ സംക്ഷപ്തം
## (സർക്കാർ സ്ഥാപനവും & പൊതുമേഖല സ്ഥാപനവും)

| ക്രമ നംബർ | സ്ഥാപനത്തിന്റെ പേര് | എൽ.റ്റി (Rs) (സർചാർജ്ജ് ഉൾപ്പെടെ) | എച്ച് റ്റി. (Rs) (സർചാർജ്ജ് ഇല്ലാതെ) |
|---|---|---|---|
| 1 | സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ (കർഷകർക്കുള്ള സൗജന്യ വൈദ്യുതി ഉൾപ്പെടെ) | 1,294,055,141 | 129,872,884 |
| 2 | സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ | 4,740,954,856 | 4,846,706,913 |
| 3 | സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ | 132,824,479 | 32,308,119 |
| 4 | കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ | 3,227,537 | 4,028,610 |
| 5 | കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ | 1,968,671 | 469,542,722 |
| | **ആകെ തുക** | **6,173,030,684** | **5,482,459,248** |

കുറിപ്പ്: എച്ച് റ്റി./ഇ എച്ച് റ്റി. വിഭാഗത്തിന്റെ സർചാർജ്ജ് കണക്കാക്കിവരുന്നതേയുള്ളു.

അനുബന്ധം: (സി)

# കുടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഗവൺമെന്റ് സ്ഥാപനങ്ങൾ

| ക്രമ നംബർ | സ്ഥാപനത്തിന്റെ പേര് | 30.06.2007 വരെയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക (കോടിയിൽ) എൽ.റ്റി (Rs) | എച്ച് റ്റി. (Rs) |
|---|---|---|---|
| **I.** | **സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ** | | |
| 1 | അഗ്രികൾച്ചർ വകുപ്പ് (കർഷകർക്കുള്ള സൗജന്യ വൈദ്യുതി ഉൾപ്പെടെ) | 50.29 | ഇല്ല |
| 2 | ആഭ്യന്തര വകുപ്പ് | 53.67 | ഇല്ല |
| 3 | ആരോഗ്യ വകുപ്പ് | 14.31 | 3.71 |
| 4 | ജലസേചന വകുപ്പ് | 3.77 | 8.55 |
| **II.** | **സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ** | | |
| 1 | കേരള വാട്ടർ അതോറിററി | 469.25 | 289.15 |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് | ഇല്ല | 77.50 |
| 3 | സ്റ്റീൽ കൊംപ്ലെക്സ് ലിമിററഡ് | ഇല്ല | 50.40 |
| 4 | ഓട്ടോ കാസ്റ്റ് ലിമിററഡ് | ഇല്ല | 21.40 |
| **III.** | **സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ** | | |
| | തൃശ്ശൂർ കോർപ്പറേഷൻ | ഇല്ല | 32.22 |

**STATEMENT-II**

**AGRICULTURE DEPARTMENT – TOWARDS FREE SUPPLY OF ELECTRICITY TO ELIGIBLE FARMERS (ARREARS AS ON 30.06.2007).**

| Sl. No. | NAME OF CIRCLE | LT | HT/EHT | TOTAL IN RUPEES |
|---|---|---|---|---|
| 1 | Thiruvananthapuram (Urban) | 2,654 | NIL | 2,654 |
| 2 | Thiruvananthapuram (Rural) | 479,269 | NIL | 479,269 |
| 3 | Kollam | 1,179,231 | NIL | 1,179,231 |
| 4 | Konarakara | 27,423 | NIL | 27,423 |
| 5 | Pathanamthitta | NIL | NIL | - |
| 6 | Kottayam | 19.372,208 | NIL | 19,372,208 |
| 7 | Pala | NIL | NIL | - |
| 8 | Irinjalakuda | 137,208,310 | NIL | 137,208,310 |
| 9 | Alappuzha | 11,430,121 | NIL | 11,430,121 |
| 10 | Thodupuzha | 620,977 | NIL | 620,977 |
| 11 | Ernakulam | 1,404,488 | NIL | 1,404,488 |
| 12 | Perumbavoor | 29,078,574 | NIL | 29,078,574 |
| 13 | Thrissur | 128,578.437 | NIL | 128,578,437 |
| 14 | Palakkad | 53,844,830 | NIL | 53,844,830 |
| 15 | Shornur | 7,903,413 | NIL | 7.903,413 |
| 16 | Manjeri | 6,056,856 | NIL | 6,056,856 |
| 17 | Kozhikode | 1,300,538 | NIL | 1,300,538 |
| 18 | Kalpetta | 1,521,995 | NIL | 1,521,995 |
| 19 | Kannur | 418,408 | NIL | 418,408 |
| 20 | Kasargode | 44,487,774 | NIL | 44,487,774 |
| 21 | Tirur | 16,845,589 | NIL | 16,845,589 |
| 22 | Vadakkara | 2,182,965 | NIL | 2,182,965 |
| 23 | Sreekandapuram | 2,660,954 | NIL | 2,660,954 |
| | GRAND TOTAL | **466,605,014** | NIL | **466,605,014** |

R Raman
Sr. Ha. Officer

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 129

10.9.2007-ൽ മറുപടിയ്ക്ക്

## കേരള ഫിഷർമെൻ വെൽഫെയർ ഫണ്ടിൽ നിന്നുള്ള ആനുകൂല്യങ്ങൾ

ചോദ്യം

ശ്രീ. യു.സി. രാമൻ.
ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി.

മറുപടി
ശ്രീ. എസ് ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി.

എ) കേരള ഫിഷർമെൻ വെൽഫെയർ ഫണ്ടിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്.

എ) കേരള ഫിഷർമെൻ വെൽഫെയർ ഫണ്ടിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ്.

1) ഗ്രൂപ്പ് ഇൻഷ്വറൻസ്
2) മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം ആശ്രിതർക്ക് ധനസഹായം
3) വിവാഹ ധനസഹായം
4) വാർദ്ധക്യ കാല പെൻഷൻ
5) ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം
6) അപകടം മൂലം ഉണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി
7) മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം
8) എസ്.എസ്.എൽ.സി.ക്യാഷ് അവാർഡ്- തുടർ വിദ്യാഭ്യാസത്തിന് ധനസഹായം
9) കുടുംബ സംവിധാന പദ്ധതി
10) മാരകരോഗ ചികിത്സാ പദ്ധതി
11) ചെയർമാൻസ് റിലീഫ് ഫണ്ട്
12) ബോർഡിന്റെ പ്രത്യേക ധനസഹായം
13) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി
14) ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
15) മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി
16) മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി
17) വിധവാ പെൻഷൻ

| | |
|---|---|
| ബി) അപകടംമൂലം മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലം മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ മരണമടഞ്ഞ മത്സ്യത്തൊഴിലാളിയുടെ ഭാര്യക്ക് വിധവാ പെൻഷൻ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന മാസം മുതൽ അർഹതയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 120 രൂപ പെൻഷനും നൽകിവരുന്നു. |
| സി) അപകടംമൂലം മരണമടഞ്ഞ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇനിയും ആനുകൂല്യങ്ങൾ നൽകുവാൻ ബാക്കിയുണ്ട്; | സി) അപകടംമൂലം 31-8-2007 വരെ മരണമടഞ്ഞ 206 മത്സ്യത്തൊഴിലാളികളുടെ . ആശ്രിതർക്ക് ധനസഹായം നൽകുവാൻ ബാക്കിയുണ്ട്. ഇതിൽ 82 അപേക്ഷകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് തുക ലഭിക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. 5-9-2007 തീയതിയിൽ ഇൻഷ്വറൻസ് വകുപ്പുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 30-9-2007 നകം എല്ലാ അപേക്ഷകളിലും അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) ഇതു നല്കുവാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇൻഷ്വറൻസ് വകുപ്പിൽ നിന്നും അപേക്ഷകൾക്ക് തീർപ്പുകൽപ്പിക്കുന്ന മുറയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്. |
| ഇ) എത്രയുംവേഗം ഈ ആനുകൂല്യം നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഇ) കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് ഉദ്യോഗസ്ഥരുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തി ധനസഹായം അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 130

2007 ഒക്ടോബർ 10-ാം തീയതി മറുപടി പറയേണ്ടത്

## കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. കെ. ടി. ജലീൽ
ശ്രീ. സി.കെ.പി. പത്മനാഭൻ
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. എം. ഹംസ

എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

**ഉത്തരം**

ബഹു. ധനകാര്യ മന്ത്രി

കെ.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധരെ ഉൾപ്പെടുത്തി ബോർഡ് രൂപീകരിച്ചിരിക്കുന്നു:-

a) കൽക്കട്ട ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസർ ശ്രീ. സുശീൽ ഖന്ന ചെയർമാനായി ഒരു പ്രൊഫഷണൽ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

b) കസ്റ്റമർ റിലേഷൻസ് മാനേജ്മെന്റിൽ കെ.എഫ്.സി.യുടെ ഭൂരിപക്ഷ ജീവനക്കാർക്കും വിദഗ്ധ പരിശീലകരെക്കൊണ്ട് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

c) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനെ കേരളത്തിന്റെ വ്യവസായ വൽക്കരണത്തിനുള്ള ഒരു ഫെസിലിറ്റേറ്റർ ആക്കുന്നതിനുള്ള

നടപടികളെടുത്തിട്ടുണ്ട്.

d) കെ.എഫ്.സി.യുടെ പ്രവർത്തനം വികേന്ദ്രീകരിക്കാനും സുഗമമാക്കുന്നതിനുമായി ബ്രാഞ്ച് മാനേജർമാർക്ക് ഒരു കോടി രൂപ വരെ ലോൺ അനുവദിക്കാനും മേഖലാ മാനേജർമാർക്ക് 2 കോടി രൂപ വരെ വായ്പ അനുവദിക്കുന്നതിനും മാനേജിംഗ് ഡയറക്ടർക്ക് 5 കോടി രൂപ വരെ വായ്പ അനുവദിക്കുന്നതിനുമുള്ള അധികാരം നൽകിയിരിക്കുന്നു.

e) ജില്ലകൾതോറും വ്യവസായികളും സംരംഭകരുടെയും വ്യാപാരികളുടെയും സംഘടനകളായ ചേമ്പർ ഓഫ് കോമേഴ്സ്, കേരളാ സ്മാൾ ഇൻഡസ്ട്രിയൽ അസോസിയേഷൻ, കേരള ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ, കേരള ബാർ ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ, കേരള കോൺട്രാക്ടേഴ്സ് അസോസിയേഷൻ, മാനേജ്മെന്റ് അസോസിയേഷൻ, മെഡിക്കൽ അസോസിയേഷനുകൾ എന്നിവയുടെ പ്രതിനിധികളും വ്യവസായ വകുപ്പിന്റെ പ്രതിനിധികളും വ്യവസായവുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികളുടെ പ്രതിനിധികളുമായി ജില്ലകൾ തോറും ചർച്ചകൾ നടത്തി വരുന്നു. ഈ ചർച്ചകൾ കോഴിക്കോട് കണ്ണൂർ എറണാകുളം കോട്ടയം മേഖലകളിൽ നടന്നുകഴിഞ്ഞു. മറ്റു ജില്ലകളിലും ഇതുപോലുള്ള ചർച്ചകൾ നടത്തുന്നതാണ്.

f) കെ.എഫ്.സി.യുടെ എല്ലാ ബ്രാഞ്ചുകളിലും ഓരോ കസ്റ്റമർ റിലേഷൻ മാനേജരെ ഉപഭോക്താക്കൾക്ക് മാർഗ്ഗ നിർദ്ദേശം

നല്‍കുന്നതിനായി നിയമിച്ചിരിക്കുന്നു.

(ബി) കെ.എഫ്.സി.യില്‍ നിന്നും ധനസഹായം ലഭിച്ച പകുതിയിലധികം വ്യവസായ യൂണിറ്റുകളുടെയും പ്രവര്‍ത്തനം നിലച്ചിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ ;

കെ.എഫ്.സി.യില്‍ നിന്നും നാളിതുവരെ ഏകദേശം 40,000 -ല്‍ പരം വ്യക്തികളോ കമ്പനികളോ വായ്പയെടുത്തതായി രേഖകളുണ്ട്. എന്നാല്‍ നിലവില്‍ 01-04-2007-ല്‍ വായ്പ നിലനിര്‍ത്തിയിട്ടുള്ളത് 8501 അക്കൗണ്ടുകളാണ്. റിസര്‍വ് ബാങ്കിന്റെ നിഷ്ക്രിയ ആസ്തി (NPA) നിര്‍ദ്ദേശപ്രകാരം ഇവയെ സ്റ്റാന്‍ഡേര്‍ഡ് (2050) എണ്ണം, സബ്-സ്റ്റാന്‍ഡേര്‍ഡ് (1077) എണ്ണം ഡി 1 (460) എണ്ണം ഡി2 (752) ഡി3 (4167) എണ്ണം ആയി തരം തിരിച്ചിരിക്കുന്നു. ഇവയില്‍ ബ്രാഞ്ചുകളില്‍ നിന്നും ലഭിച്ച റിപ്പോര്‍ട്ടനുസരിച്ച് 30-06-2007 വരെ 385 യൂണിറ്റ് മാത്രമാണ് പ്രവര്‍ത്തന രഹിതമായിട്ടുള്ളത്.

(സി) അടച്ചുപൂട്ടിയ വ്യവസായ യൂണിറ്റുകള്‍ പുനരുദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതികള്‍ ആവിഷ്കരിക്കുമോ?

പീഡിത വ്യവസായങ്ങള്‍ പുനരുദ്ധരിക്കാന്‍ പറ്റുന്നതാണെങ്കില്‍ അവയ്ക്ക് വ്യവസായ വകുപ്പിന്റെ SURP പദ്ധതി വഴി പുനരുദ്ധരിക്കാന്‍ തീരുമാനം ഉണ്ട്. അടുത്ത 6 മാസത്തിനുള്ളില്‍ 200 വ്യവസായ യൂണിറ്റുകള്‍ എങ്കിലും പുനരുദ്ധരിക്കാന്‍ ബ്രാഞ്ചുകള്‍ക്ക് നിര്‍ദ്ദേശം നല്‍കിക്കഴിഞ്ഞു.

(ഡി) ധനസഹായത്തോടൊപ്പം യൂണിറ്റുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിന് വിദഗ്ദ്ധോപദേശം നല്‍കുവാന്‍ പദ്ധതി ആവിഷ്കരിക്കുമോ?

ധനസഹായത്തോടൊപ്പം യൂണിറ്റുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിന് വിദഗ്ദ്ധോപദേശം നല്‍കുവാന്‍ കെ.എഫ്.സി.ക്ക് ഉദ്ദേശമുണ്ട്. കെ.എഫ്.സി. ഉപഭോക്താക്കളെ സഹായിക്കുന്നതിനായി ഒരു വിദഗ്ദ്ധ ഉപദേശക സമിതി

- 4 -     /3o

രൂപീകരിച്ചുവരികയാണ്. ഈ പട്ടികയിലേക്ക് വിദഗ്ധരുടെ പേരുകൾ നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കേരളാ ഇൻഡസ്ട്രിയൽ $ കൺസൾട്ടൻസി ഓർഗനൈസേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, കേരളാ ടൂറിസം വികസന കോർപ്പറേഷൻ, ചേമ്പർ ഓഫ് കോമേഴ്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാല്യൂവേഴ്സ്, ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ്, കേരളാ സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ എന്നി സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നു. ഈ സാങ്കേതിക മാനേജ്മെന്റ് വിദഗ്ധർ വഴി ഉപഭോക്താക്കൾക്ക് മാർഗ്ഗനിർദ്ദേശം നൽകാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും സാധിക്കും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 131 10.09.2007 -ൽ മറുപടിയ്ക്ക്

ഹൈഡൽ ടൂറിസം

ചോദ്യം

ശ്രീ. പി. കൃഷ്ണപ്രസാദ്
ശ്രീ. എം . ചന്ദ്രൻ
ശ്രീ. കെ . കുഞ്ഞിരാമൻ
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. പി. ടി . എ . റഹീം

മറുപടി

ശ്രീ.എ.കെ.ബാലൻ
(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) ഹൈഡൽ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(എ) മൂന്നാറിൽ 19.05.2000 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഹൈഡൽ ടൂറിസത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് ഹൈഡൽ ടൂറിസത്തിന്റെ ആകർഷകങ്ങളായ പദ്ധതികൾ കേരളത്തിലെ എല്ലാ ജല വൈദ്യുത പദ്ധതി പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി കഴിഞ്ഞ ഒരു വർഷത്തിനകം വയനാട്ടിലെ ബാണാസുര സാഗർ, തിരുവനന്തപുരത്തെ ലോവർ മീൻമുട്ടി, അതിരപ്പിള്ളിയ്ക്കടുത്തുള്ള പൊരിങ്ങൽ കുത്ത് എന്നീ സ്ഥലങ്ങളിൽ ഹൈഡൽ ടൂറിസം നടപ്പിലാക്കാൻ കഴിഞ്ഞു.

ഇതു കൂടാതെ ഇടുക്കി ജില്ലയിലെ ആനയിറങ്കൽ, എറണാകുളം ജില്ലയിലെ ഇടമലയാർ, പത്തനംതിട്ട ജില്ലയിലെ പമ്പ സർക്യൂട്ട് എന്നീ കേന്ദ്രങ്ങളിലും ഹൈഡൽ ടൂറിസം പദ്ധതികൾ തുടങ്ങുന്നതിന് ആലോചനയുണ്ട്

(ബി) നിലവിലുള്ള ഹൈഡൽ ടൂറിസം സെന്ററുകൾ കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) നിലവിലുള്ള കേന്ദ്രങ്ങളിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ രണ്ടാം ഘട്ടത്തിൽ നൂതനവും വിപുലവുമായ കർമ്മ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി പ്രദേശങ്ങളിലെ കെട്ടിടങ്ങളും സ്ഥല സൗകര്യങ്ങളും പരമാ

വഴി പ്രയോജനപ്പെടുത്തി വിദേശ ടൂറിസ്റ്റുകളെക്കൂടി ആകർഷിക്കുന്ന രീതിയിൽ താമസ സൗകര്യങ്ങളുംമറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

ഇതിന്റെ ഭാഗമായി സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ "നെയ്ച്ചർ സ്റ്റേ", ഫ്ലോട്ടിംങ് കോട്ടേജസ്, ടെൻറ് സ്റ്റേ മുതലായവയും ആംഗ്ലിങ് മുതലായ ജല വിനോദോപാധികളും ഏർപ്പെടുത്തുന്നതിനും ആലോചനയുണ്ട്. അഭിലഷണീയമായ സ്ഥലങ്ങളിൽ 'റോപ്പ് വേ 'കൾ സ്ഥാപിക്കുന്നതിനും ജല സാഹസിക വിനോദോപാധികൾ, ട്രെക്കിംങ്, റോക്ക് ക്ലൈംബിംങ് തുടങ്ങി വൈവിധ്യപൂർണ്ണവും ആകർഷകങ്ങളുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

(സി) ഹൈഡൽ ടൂറിസം സെന്ററുകളിൽ കഴിഞ്ഞവർഷം എത്ര ടൂറിസ്റ്റുകൾ സന്ദർശനം നടത്തിയിയെന്നു വെളിപ്പെടുത്തുമോ ?

(സി) ഹൈഡൽ ടൂറിസത്തിന്റെ സെന്ററുകളിൽ കഴിഞ്ഞവർഷം 9,16,790 ടൂറിസ്റ്റുകൾ സന്ദർശനം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 132

10-9-2007-ൽ മറുപടിയ്ക്ക്

## ഫിഷറീസ് മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ. സി.എം.ദിനേശ് മണി
ശ്രീ എ.എം. ആരിഫ്
ശ്രീ.എം.കെ.പുരുഷോത്തമൻ
ശ്രീ. സി.കെ.സദാശിവൻ
ശ്രീ.വി.എൻ.വാസവൻ

മറുപടി
ശ്രീ എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) ഫിഷറീസ് മേഖലയുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി രൂപം നൽകുന്ന ഫിഷറീസ് മാസ്റ്റർ പ്ലാൻ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

എ) മാസ്റ്റർ പ്ലാൻ പൂർത്തിയായിട്ടില്ല.

ബി) മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് പ്രസ്തുത മാസ്റ്റർ പ്ലാനിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉണ്ട് ;

ബി) സംസ്ഥാനത്തെ സമുദ്ര, ഉൾനാടൻ മത്സ്യസമ്പത്തിന്റെ ഉൽപ്പാദനം ഉയർത്തി സുസ്ഥിരമായി നിലനിർത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ടാസ്ക് ഫോഴ്സ് ചെയർമാൻമാരോടും, കമ്മിറ്റി അംഗങ്ങളോടും ആവശ്യപ്പെട്ടിരിക്കുന്നത്. ടാസ്ക് ഫോഴ്സ് കമ്മിറ്റികളുടെ റിപ്പോർട്ട് ലഭ്യമായെങ്കിൽ മാത്രമേ കൂടുതൽ വിശദമാക്കുവാൻ കഴിയുകയുള്ളൂ.

സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

സി) ജി.ഒ(ആർ.ടി) നം. 245/2007/എഫ്.ആൻ്റ്.പി.ഡി തീയതി 13-4-2007 ഉത്തരവ് പ്രകാരം കേരളത്തിന്റെ മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അക്വേറിയൻ റിഫോംസ്, കടൽ മത്സ്യബന്ധനം, ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയും, മത്സ്യസംസ്ക്കരണവും വിപണനവും, മത്സ്യത്തൊഴിലാളി ക്ഷേമം, അടിസ്ഥാന സൗകര്യ വികസനം, മത്സ്യ ഗവേഷണം എന്നിങ്ങനെ 7 വികസന മേഖലകളായി തിരിച്ച് ഓരോ വികസന മേഖലയും അതത് മേഖലയിൽ പ്രഗത്ഭരായ ആളുകൾ അടങ്ങിയ കർമ്മസമിതികളെയാണ് നിയോഗിച്ചിട്ടുള്ളത്. ... പരിഷ്കരണത്തിന്റെ കർമ്മസമിതിയുടെ ചെയർമാൻ മുൻ സി.ഐ.എഫ്.ടി ചെയർമാൻ ഡോ.കെ രവീന്ദ്രനും കടൽമത്സ്യബന്ധന മേഖലയുടെ ചെയർമാൻ മുൻ സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എം ദേവരാജും ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയുടെയും ചെയർമാൻ ഡോ എം.എൻ. കുട്ടിയും മത്സ്യസംസ്ക്കരണവും വിപണനവും ചെയർമാൻ സിഫ്റ്റ് ഡയറക്ടർ ഡോ.കെ.ദേവദാസനും മത്സ്യത്തൊഴിലാളി ക്ഷേമത്തിന്റെ ചെയർമാൻ മത്സ്യബോർഡ്

| | |
|---|---|
| | ചെയർമാൻ ശ്രീ.പുല്ലുവിള സ്റ്റാൻലിയുമാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ പി.ഐ.ഷെയ്ക്ക് പരീത് അടിസ്ഥാന സൗകര്യ വികസനത്തിന്റെയും കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയത്തിലെ ഉപദേഷ്ടാവ് ശ്രീ.വി.രവീന്ദ്രൻനായർ മത്സ്യബന്ധന മേഖലയുടെയും ചെയർമാൻമാരാണ്. |
| ഡി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം, മത്സ്യ സംസ്കരണം. മത്സ്യ കയറ്റുമതി എന്നിവ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുമോ ? | ഡി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം. മത്സ്യസംസ്കരണം കയറ്റുമതി എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ബന്ധപ്പെട്ട കർമ്മ സമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 133

10/09/2007-ൽ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. എഫ്. തോമസ്, എം. എൽ. എ<br>ശ്രീ.തോമസ് ഉണ്ണിയാടൻ, എം. എൽ. എ<br>പ്രൊഫ. എൻ. ജയരാജ്, എം. എൽ. എ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) | |
| എ. | വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ. | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കാനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന റെഗുലേറ്ററികമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 23/04/2007-ൽ സ്വമേധയാ ഒരു കരട് താരിഫ് നിർദ്ദേശം പുറപ്പെടുവിക്കുകയും അതിന്മേൽ വൈദ്യുതി ബോർഡിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയും ചെയ്തു. അതിൻപ്രകാരം ബോർഡിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 23/05/2007-ൽ കമ്മീഷന് സമർപ്പിച്ചിരുന്നു. ഇതിന്മേൽ കമ്മീഷൻ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| ബി. | എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | ബി. | സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ കരട് താരിഫ് നിർദ്ദേശങ്ങൾ അനുബന്ധം -1- ആയും അതിന്മേലുള്ള ബോർഡിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അനുബന്ധം - 2 - ആയും ചേർത്തിരിക്കുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ.

അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 134. 10.09.2007 ൽ മറുപടിക്ക്

## നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.അൽഫോൺസ് കണ്ണന്താനം | ഡോ.റ്റി.എം. തോമസ് ഐസക്<br>ധനകാര്യമന്ത്രി |

| | |
|---|---|
| എ. നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുമായി വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>**വാണിജ്യ നികുതി വകുപ്പ്**<br>1. എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തു. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി പിരിക്കുന്നു.<br>3. നികുതി പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുകയും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

4. ചെക്ക് പോസ്റ്റുകളുടെയും ആഡിറ്റ് അസസ്മെന്റ് ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കി നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി ലക്കി വാറ്റ് ഫലപ്രദമായി നടപ്പാക്കിവരുന്നു.

6. റെയിൽവേ വഴിയും, ടൂറിസ്റ്റ് ബസുകൾ വഴിയുമുള്ള കള്ളക്കടത്ത് തടയുന്നതിന് റെയിൽവേ, ടൂറിസ്റ്റ് ബസുകൾ പരിശോധന വ്യാപകമാക്കി നികുതിചോർച്ച തടയുന്നു.

7. പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ ഇലക്ട്രോണിക്ക് വെയ്ബ്രിഡ്ജ് ബി.ഒ.ഒ. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സംസ്ഥാനത്തേയ്ക്ക് വരുന്ന ചരക്കുകളുടെ നല്ലപങ്കും പാലക്കാട് ജില്ലയിലെ ചെക്ക് പോസ്റ്റുകൾ വഴിയാണ് അതിർത്തി കടക്കുന്നത്. ജില്ലയിലെ ചെക്ക് പോസ്റ്റുകളിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കിയും കമ്പ്യൂട്ടർവൽക്കരണവും അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തിയും ഇങ്ങനെ സംസ്ഥാനത്തെത്തുന്ന ചരക്കുകളുടെ കണക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള വിപുലമായ ഒരു പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്

നികുതിപിരിവ് ഊർജ്ജിതപ്പെടുത്താൻ എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നുണ്ട്. വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ്:**

രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടിയാണ് വകുപ്പിലുള്ള നികുതി മുക്ത്യാറുകൾ, കരാറുകൾ, ഫ്ളാറ്റുകളുടെ കൈമാറ്റം തുടങ്ങിയ കരണങ്ങളുടെ രജിസ്ട്രേഷൻ മുഖേനയുള്ള മുദ്രവില വെട്ടിപ്പ് തടയുന്നതിലേക്കായി 1959 ലെ കേരളാ മുദ്രപത്ര നിയമത്തിൽ 2007 ലെ ഫിനാൻസ് ആക്ട് മുഖേന ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ കരണങ്ങളിൽ കെട്ടിടങ്ങളുടെ വിലകുറച്ച് വെയ്ക്കുന്നത് തടയുന്നതിലേക്കായി ഫോറം 1 ബി ആധാരങ്ങളുടെ അനുബന്ധമായി ചേർക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ഫെയർവാല്യൂ നിർണ്ണയനടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

**എക്സൈസ് വകുപ്പ്:**

എക്സൈസ് വകുപ്പിൽ എഫ്.എൽ 1 ഷാപ്പുകളുടെ റെൻറൽ ഇനത്തിൽ ലഭിക്കേണ്ട 50% കിസ്ത് ഒഴിച്ച് ബാക്കി എല്ലാ നികുതികളും മുൻകൂറായാണ് അടയ്ക്കുന്നത്. എഫ്.എൽ 1 ഷാപ്പുകളുടെ റെൻറൽ തുകയുടെ 50% ഷാപ്പ് ലൈസൻസ് പുതുക്കുമ്പോഴും ബാക്കി 50% ജൂലൈ മാസം മുതൽ ഫെബ്രുവരി മാസംവരെ 8 തുല്യ ഗഡുക്കളായുമാണ് അടയ്ക്കുന്നത്. ടി ഷോപ്പുകൾ കെ.എസ്.ബി.സി., കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് നടത്തുന്നത്. നികുതി ചോർച്ച ഒഴിവാക്കുന്നതിനായി എൻഫോഴ്സ്മെൻറ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് അനധികൃത മദ്യം കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് വാഹന പരിശോധന കർശ്ശനമാക്കിയിട്ടുണ്ട്. കൂടാതെ

| | |
|---|---|
| | ജനകീയ കമ്മറ്റികൾ പുന:സംഘടിപ്പിച്ച് പോലീസ്, വനം, റവന്യൂ എന്നീ വകുപ്പുകളുമായി ഏകോപിപ്പിച്ച് വ്യാജവാറ്റു കേന്ദ്രങ്ങളിൽ ശക്തമായ റെയ്ഡുകൾ നടത്തിവരുന്നു.<br>**<u>ലാൻറ് റവന്യൂ വകുപ്പ് :</u>**<br>നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ;ബി. മുൻ വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ നാലുമാസത്തെ നികുതി വരുമാനവും നികുതിയേതര വരുമാനവും കൂടിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | അക്കൗണ്ടൻറ് ജനറലിൻെറ 2007 ജൂലൈ മാസത്തെ കണക്കുകൾ ലഭ്യമായിട്ടില്ല. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് മാസത്തെ നികുതി വരുമാനവും, നികുതിയേതര വരുമാനവും മുൻവർഷത്തെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്. |
| സി. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിലെ പുരോഗതി വിലയിരുത്തി വരുന്നതേയുള്ളൂ. വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 135     10.09.2007 ൽ മറുപടിയ്ക്ക്

## പാരമ്പര്യേതര ഊർജ്ജവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. എം.കെ. പ്രേമനാഥ്<br>ശ്രീ. കെ.പി. മോഹനൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പാരമ്പര്യേതര ഊർജ്ജ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) പാരമ്പര്യേതര ഊർജ്ജവികസനത്തിന്റെ ഭാഗമായി കാറ്റിൽ നിന്നും, ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും താഴെ പറയുന്ന പദ്ധതികൾ പ്രവർത്തിച്ചു വരുന്നു.<br>I. ചെറുകിട ജലവൈദ്യുത പദ്ധതികളും അവയുടെ സ്ഥാപിതശേഷിയും ഉല്പാദന ശേഷിയും താഴെ കൊടുക്കുന്നു.<br>1. കല്ലട - 15 മെഗാവാട്ട്/65 മില്യൺ യൂണിറ്റ്<br>2. പേപ്പാറ - 3 മെഗാവാട്ട്/11.5 മില്യൺ യൂണിറ്റ്<br>3. മാട്ടുപ്പെട്ടി - 2 മെഗാവാട്ട്/6.4 മില്യൺ യൂണിറ്റ്<br>4. പൊരിങ്ങൽ ലെഫ്റ്റ് ബാങ്ക് - 16 മെഗാവാട്ട്/74 മില്യൺ യൂണിറ്റ്<br>5. മലമ്പുഴ - 2.5 മെഗാവാട്ട്/5.6 മില്യൺ യൂണിറ്റ്<br>6. ചെമ്പുകടവ് I & II - 6.45 മെഗാവാട്ട്/15.82 മില്യൺ യൂണിറ്റ്<br>7. ഉറുമി I & II - 6.15 മെഗാവാട്ട്/16 മില്യൺ യൂണിറ്റ്<br>8. മലങ്കര - 10.5 മെഗാവാട്ട്/65 മില്യൺ യൂണിറ്റ്<br>9. ലോവർ മീൻമുട്ടി - 3.5 മെഗാവാട്ട്/7.63 മില്യൺ യൂണിറ്റ് |

II. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി 2 മെഗാവാട്ട്/4 മില്യൺ സ്ഥാപിതശേഷിയും ഉത്പാദനശേഷിയുമുള്ള ഒരു പദ്ധതി കഞ്ചിക്കോട് പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ 25 കിലോവാട്ടിന്റെ ഒരു സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ കൂടുതൽ പദ്ധതികൾ നടപ്പിൽ വരുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

III. വിദൂരഗ്രാമങ്ങളുടെ വൈദ്യുതീകരണം (20,000 ത്തോളം വിദൂരസ്ഥിതഭവനങ്ങൾ സൗരവൈദ്യുതിയാൽ വൈദ്യുതീകരിച്ചു)

IV. ചെറിയ സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിച്ചു.

V. ജൈവാവശിഷ്ടങ്ങളിൽ നിന്നും ബയോഗ്യാസ് ഉത്പാദിപ്പിക്കുന്നതും ബയോഗ്യാസിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതുമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

VI. മെച്ചപ്പെട്ട വിറക് അടുപ്പുകളുടെ പ്രചരണം നടത്തിവരുന്നു.

VII. ഈ മേഖലയിൽ വിവിധ പരിശീലന പരിപാടികളും പരിപാലനവും നടത്തിവരുന്നു.

| | |
|---|---|
| (ബി) ഇക്കാര്യത്തിൽ കേന്ദ്രസഹായം പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) മേൽപറഞ്ഞ പദ്ധതികളിൽ വിദൂരഗ്രാമവൈദ്യുതീകരണം, കാറ്റിൽ നിന്നുള്ള വൈദ്യുതോത്പാദനം, പൊതുജനബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് യഥാസമയം കേന്ദ്രസർക്കാരിലേക്ക് നിർദ്ദേശങ്ങളും പദ്ധതികളും സമർപ്പിച്ച് ധനസഹായം ലഭ്യമാക്കി വരുന്നു. |
| (സി) ഇത് സംബന്ധിച്ച് ഗവേഷണം പരിശീലനം ബോധവൽക്കരണം എന്നീ രംഗങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) ഗവേഷണത്തിനും പരിശീലനത്തിനുമായി റിന്യൂവബിൾ എനർജി ആന്റ് റൂറൽ ടെക്നോളജി സെന്റർ എന്ന കേന്ദ്രം 2006 നവംബർ 3-ാം തിയതി പാലക്കാട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത |

പരിശീലന കേന്ദ്രം ആരംഭിച്ചതു മുതൽ ഇതുവരെ മെച്ചപ്പെട്ട അടുപ്പ് സ്ഥാപിക്കുന്നതിന് 374 പേർക്കും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും 30 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.

ഡോ.കെ.ടി. ജലീൽ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 136    10.09.2007 ൽ മറുപടിയ്ക്ക്

**പട്ടികസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി :<br>ശ്രീ. കെ. കെ. ഷാജു :<br>ശ്രീ. കെ. ബി. ഗണേഷ്‌കുമാർ : | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |
| (എ) പട്ടികസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അദ്ധ്യയന വർഷാരംഭം തന്നെ ലഭിക്കാത്തതുമൂലം പല വിദ്യാർത്ഥികളും പഠനം പാതി വഴിയിൽ ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2006-2007 വർഷത്തിൽ അദ്ധ്യയന വർഷാരംഭം തന്നെ 4 മാസത്തെ വിദ്യാഭ്യാസാനുകൂല്യം മുൻകൂറായി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 44 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മുഴുവനായും മറ്റുള്ളവരുടേത് 75% ഉം 2006-07 ൽ കൊടുത്തു തീർത്തു. |
| (ബി) പട്ടികസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നല്കിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ ;<br>(സി) പട്ടികസമുദായ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന സ്കോളർഷിപ്പ് തുകകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | <u>(ബി) & (സി)</u><br>വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

8

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** — **10.9.2007 ന് മറുപടിക്ക്**

## കേരളത്തിലെ വനസംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ്:<br>ശ്രീ.കോവൂർ കുഞ്ഞുമോൻ: | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ ഇപ്പോഴുള്ള വനത്തിന്റെ അളവ് എത്രയെന്നും ഇതിൽ റിസർവ്വ് വനമെത്രയെന്നും സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ള വനമെത്രയെന്നും വെളിപ്പെടുത്തുമോ ; | എ) കേരളത്തിൽ ഇപ്പോഴുള്ള മൊത്തം വനത്തിന്റെ വിസ്തൃതി 11271.66 ച.കി.മീ.ആണ്. ഇതിൽ 9342.80 ചതുരശ്ര കിലോമീറ്റർ റിസർവ് വനമാണ്. ശേഷിക്കുന്ന 1838.13 ച.കി.മീ. നിക്ഷിപ്ത വനവും 90.73 ച.കി.മീ. റിസർവ് ആക്കാൻ ഉദ്ദേശിക്കുന്ന വനഭൂമിയുമാണ്. സ്വകാര്യ വ്യക്തികളുടെ കൈവശത്തിൽ 1.1.1977 ന് മുൻപുള്ള 342.55 ചതുരശ്രകിലോമീറ്റർ കയ്യേറ്റ വനഭൂമിയും 1.1.1977 ന് ശേഷം ഉള്ള 68.07 ചതുരശ്രകിലോമീറ്റർ വനഭൂമിയും 89.40 ചതുരശ്രകിലോമീറ്റർ സ്വകാര്യ വ്യക്തികൾക്ക് പാട്ട വ്യവസ്ഥയിൽ നൽകിയ വനഭൂമിയും ഉൾപ്പെടെ മൊത്തം 500.02 (50002ഹെക്ടർ) ചതുരശ്രകിലോമീറ്റർ വനഭൂമി ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ കൈവശമുണ്ട്. |
| ബി) ഇപ്പോൾ വനനശീകരണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ഭാഗങ്ങളിലാണ് ഇത്തരം പ്രവണതകൾ നടക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) ഇപ്പോൾ വന നശീകരണം നടക്കുന്നില്ല. |

(..2/-)

| | |
|---|---|
| സി) വന സംരക്ഷണത്തിനും മരം വച്ചുപിടിപ്പിക്കുന്നതിനും സംസ്ഥാനത്ത് എന്തെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; | സി) കാലാവധി പൂർത്തിയായ തേക്ക്, പൾപ്പ് വുഡ് മുതലായ പ്ലാന്റേഷനുകൾ മുറിച്ചു മാറ്റി ആ സ്ഥലങ്ങളിൽ പുതിയ തൈകൾ വച്ചു പിടിപ്പിക്കുന്നു. ക്ഷയോന്മുഖമായ വനങ്ങളിൽ മുള, ഔഷധച്ചെടികൾ, തദ്ദേശ വനവിഭവങ്ങളുടെ ചെടികൾ മുതലായവ നട്ടു പിടിപ്പിക്കുന്നുണ്ട്. വനേതര ഭൂമികളിലെ മരങ്ങൾ നടുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിയമഭേദഗതികൾ നടപ്പിലാക്കിയിട്ടുണ്ട്. വനേതര ഭൂമികളിൽ തൈകൾ വച്ചു പിടിപ്പിക്കുന്നതിനു വേണ്ടി 'എന്റെ മരം', 'വഴിയോരത്തണൽ പദ്ധതി', ഹരിത തീരം മുതലായവ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ഡി) കേന്ദ്ര വന സംരക്ഷണ നിയമം സംസ്ഥാനത്ത് കാര്യക്ഷമമാക്കി ഇനിയും വന നശീകരണം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) 1980 ലെ കേന്ദ്ര വന സംരക്ഷണ നിയമം സംസ്ഥാനത്തു വളരെ കർശനമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു. |
| ഇ) വന സംരക്ഷണത്തിനായി ഗിരിജനങ്ങളുടെയും വനാതിർത്തിയിൽ താമസിക്കുന്നവരുടെയും സഹകരണം തേടാനും അവരെ അതിൽ പങ്കാളികളാക്കുവാനും നടപടി കൈക്കൊള്ളുമോ? | ഇ) വനത്തിനുള്ളിൽ താമസിക്കുന്ന ഗിരിജനങ്ങളെയും വനാതിർത്തിയിലുള്ള ഇതര ജന വിഭാഗങ്ങളെയും ഉൾപ്പെടുത്തി വന സംരക്ഷണ സമിതികളും വന്യജീവി സങ്കേതങ്ങളിൽ ഇക്കോ ഡെവലപ്മെന്റ് സമിതികളും രൂപീകരിച്ച് വന സംരക്ഷണ പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്ന ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ഇവരുടെ സഹകരണത്തോടെ |

(...3/-)

137



ഈ സമിതികളാണ് നടത്തുന്നത്. ഈ സമിതികളുടെ പങ്കാളിത്തത്തോടെയാണ് ഇത്തരം ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 138 — 10.09.2007-ൽ മറുപടിയ്ക്ക്

**അൾട്രാമെഗാ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. മുരളി<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ. എ.കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) അൾട്രാമെഗാ വൈദ്യുതിനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം തീരുമാനിക്കപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇതനുസരിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ക്കോരോന്നിനും കിട്ടുന്ന വൈദ്യുതി എത്ര വീതമാണ് ; | (ബി) കേരളം- 600 MW<br>തമിഴ്നാട് - 3700 MW<br>കർണ്ണാടക- 3800 MW<br>ആന്ധ്രാപ്രദേശ് - 2000 MW |
| (സി) കേരളത്തിന്റെ വിഹിതം കുറയുവാനുള്ള കാരണമെന്താണ് ; | (സി)യും (ഡി)യും. 2014-15-ൽ 1000 MW വൈദ്യുതി കമ്മി കേരളത്തിൽ ഉണ്ടാകുമെന്ന കണക്കു കൂട്ടിയതിൻ പ്രകാരം ഈ പദ്ധതികളിൽ നിന്നും 1200 MW ലഭ്യമാക്കണമെന്ന് കേരളം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര വൈദ്യുതിനിലയങ്ങളിൽ നിന്നും സംസ്ഥാനങ്ങൾക്ക് വൈദ്യുതി അനുവദിക്കുന്നതിനുള്ള ഗാഡ്ഗിൽ ഫോർമുല, സ്വകാര്യ സംരംഭകരിലൂടെ ഏറ്റെടുക്കുന്ന അൾട്രാമെഗാ പ്ലാന്റുകളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് പിന്തുടർന്നിട്ടില്ല.<br>ഇക്കാര്യം ചൂണ്ടിക്കാട്ടി 28-05-2007-ൽ പ്രധാനമന്ത്രി വിളിച്ചുചേർത്ത മുഖ്യമന്ത്രിമാരുടെ ഊർജ്ജ മേഖല സംബന്ധിച്ച യോഗത്തിൽ അൾട്രാമെഗാപദ്ധതികളിൽ നിന്ന് കേരളത്തിന് അർഹമായ വിഹിതം അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പു മന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) അൾട്രാമെഗാ വൈദ്യുതിനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം നിശ്ചയിക്കുമ്പോൾ കേരളത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് | |

ഇ) ഇക്കാര്യം സംസ്ഥാനത്ത് നിന്നുള്ള കേന്ദ്ര മന്ത്രിമാരുടെ ശ്രദ്ധയിൽ പെടു ത്തിയിരുന്നോ ; എങ്കിൽ എപ്രകാരം

(എഫ്) ഇത് സംസ്ഥാന എം. പി.മാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്യുകയും സംസ്ഥാനത്തിനർഹമായ വൈദ്യുതി കിട്ടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്തിരുന്നോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ദക്ഷിണമേഖലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മൂന്ന് അൾട്രാ മെഗാ പദ്ധതികളിൽ കൃഷ്ണപട്ടണം- അൾട്രാ മെഗാ പദ്ധതിയിൽ നിന്നും കേരളത്തിന് വിഹിതം അനുവദിക്കാത്തത് ചൂണ്ടിക്കാട്ടി പ്രസ്തുത പദ്ധതിയിൽനിന്നും 400 MW-വൈദ്യുതി അനുവദിക്കണമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രിയെ 07-08-2007 ന് നേരിൽ കണ്ടും കത്തുമുഖേനയും ബഹുമാനപ്പെട്ട കേരള വിദ്യുച്ഛക്തി വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) യും (എഫ്) ഉം. കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാനായി അൾട്രാമെഗാ പദ്ധതികളിൽ നിന്നും ന്യായമായ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം31-7-07ലെ എം.പി. മാരുടെ കോൺഫറൻസിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുകയും അൾട്രാ മെഗാ പവർ പ്രൊജക്റ്റിൽ നിന്നും കേരളത്തിന് ലഭിക്കേണ്ടതായ വിഹിതം നേടിയെടുക്കുന്നതിനായി ബഹു. എം.പി മാരുടെ സ്വാധീനവും കഴിവും പരമാവധി പ്രയോജനപ്പെടുത്താൻ സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിന്നുള്ള ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിമാരായ ശ്രീ.എ.കെ.ആന്റണി, ശ്രീ.വയലാർ രവി എന്നിവരോട് 7-02-2007-ലെ കത്തു മുഖേന ബഹുമാനപ്പെട്ട കേരള വൈദ്യുതി മന്ത്രി ഈ പ്രശ്നത്തിൽ ഇടപെട്ട് കേന്ദ്ര സർക്കാരിന്റെ അനുകൂലമായ ഉത്തരവ് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ

★ Q No. 138



Allocation from UMPPS to Southern Region constituents

| Sl. No | States | Sasan (MP) | Mundra (Gujarat) | Akaltara (Chathisgarh) | Ratnagiri (Maharashtra) | Tadri (Karnataka) | (Orissa) | Krishnapattanam (AP) | (Tamil Nadu) | (Jharkand) | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Kerala | | | | | 200 | | | 300 | | 500 |
| 2 | Tamil Nadu | | | | | 1000 | 300 | 800 | 1600 | | 3700 |
| 3 | Karnataka | | | Not Finalised | 500 | 1500 | | 800 | 800 | | 3600 |
| 4 | Andhra Pradesh | | | | | | | 1600 | 400 | | 2000 |
| 5 | Pondicherry | | | | | | | | | | |
| 6 | Others (Maharashtra Punjab etc.) | 4000 | 4000 | | 3500 | 1300 | 3700 | 800 | 900 | 4000 | 22200 |
| | TOTAL | 4000 | 4000 | 4000 | 4000 | 4000 | 4000 | 4000 | 4000 | 4000 | |

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **139** 10.9.2007-ലെ മറുപടിക്ക്

'പട്ടികജാതി കോളനികളിലെ ഭൂരഹിതർ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ: | ശ്രീ. എ.കെ. ബാലൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതിവികസന വകുപ്പിന്റെ കീഴിലുള്ള കോളനികളിൽ വർഷങ്ങളായി മതിയായ ഭൂരേഖകളില്ലാതെ കുടുംബങ്ങൾ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ; | (ബി) വകുപ്പിനു കീഴിൽ 476 പട്ടികജാതി കോളനികൾ നിലവിലുണ്ട്. കൂടാതെ ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതിയിൻകീഴിൽ 1989-90, 1990-91 കാലഘട്ടത്തിൽ 50 സെന്റ് ഭൂമി വീതം സർക്കാർ വിലയ്ക്കെടുത്ത് നാലു സെന്റുവീതം പതിച്ചു നൽകിയിട്ടുമുണ്ട്. പ്രസ്തുത കോളനികളിൽ മതിയായ ഭൂരേഖകളില്ലാതെ കുടുംബങ്ങൾ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകാനുള്ള നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :140

10/09/2007-ൽ മറുപടിക്ക്

ഉപഭോക്താവിൽ നിന്നും ഡെപ്പോസിറ്റ് എന്ന പേരിൽ ഈടാക്കുന്ന അധിക തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. മാണി, എം. എൽ. എ | | ശ്രീ. എ. കെ. ബാലൻ (പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) | |
| എ. | നിയമാനുസൃതം വർദ്ധനവില്ലാതെ ഉപഭോക്താവിൽ നിന്നും ഡെപ്പോസിറ്റ് എന്ന പേരിൽ വൈദ്യുത ചാർജ്ജിനൊപ്പം അധിക തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. | ഇലക്ട്രിസിറ്റി ആക്റ്റ് 2003 -ലെ സെക്ഷൻ 47 പ്രകാരവും സംസ്ഥാന റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഇലക്ട്രിസിറ്റി സപ്ലൈകോഡു 2005-ലെ സെക്ഷൻ 13 പ്രകാരവുമാണ് ബോർഡ് ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നത്. |
| ബി. | ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ ശുപാർശ അനുസരിച്ച് ഉപഭോക്താവിൽ നിന്ന് ഈടാക്കുന്ന ഡെപ്പോസിറ്റുകൾക്കെല്ലാം തന്നെ സ്ഥിരം നിക്ഷേപത്തിൻെറ പലിശ നിരക്കിലുള്ള തുക വൈദ്യുത ചാർജിൽ നിന്നും കുറവ് വരുത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; | ബി. | സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സപ്ലൈ കോഡിലെ സെക്ഷൻ 16 പ്രകാരം നിലവിൽ വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന് ബാങ്ക് നിരക്കിൽ പലിശ നൽകുന്നതിന് വ്യവസ്ഥയുണ്ട്. എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 1-ാം തീയതിയിൽ നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന് ബാങ്ക് നിരക്കിൽ പലിശ കണക്കാക്കി അടുത്ത സാമ്പത്തിക വർഷം ഒന്നാം ക്വാർട്ടറിൽ വൈദ്യുതി ബില്ലിൽ ഈ പലിശ കുറവു ചെയ്യുന്നതിനാണ് വ്യവസ്ഥയുള്ളത്. ഇതിൻ പ്രകാരം ഏപ്രിൽ 2006 മുതൽ ബോർഡ് നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൻെറ പലിശ കണക്കാക്കി, അടുത്ത വൈദ്യുതി ബില്ലിൽ കുറവു ചെയ്തു വരുന്നു. |
| സി. | ഈ വ്യവസ്ഥകളൊന്നും മാനിക്കാതെ ചുമത്തുന്ന അധിക ഡെപ്പോസിറ്റ് | സി. | ഇലക്ട്രിസിറ്റി ആക്റ്റ് 2003 പ്രകാരവും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി |

നിർത്തലാക്കി ഉപഭോക്താക്കൾക്ക് പണം തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ ?;

കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സപ്ലൈ കോഡ് 2005-ലെ വ്യവസ്ഥകൾ പ്രകാരവും ആണ് സെക്യൂരിറ്റി ഡെപ്പോസിറ്റും അധിക സെക്യൂരിറ്റി ഡെപ്പോസിറ്റും ഈടാക്കുന്നത്. വ്യവസ്ഥകൾക്ക് വിരുദ്ധമായി അധിക ഡെപ്പോസിറ്റ് ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടാൽ അത് തിരികെ നൽകാൻ നടപടി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

10-9-2007 ലെ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 141

## നികുതി കുടിശ്ശിക

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ഡോ.ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഇപ്പോൾ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ; | എ) 31/1/2007 ലെ കണക്കനുസരിച്ച് 3927.96 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. |
| ബി) ഇവയിൽ വൻ തോട്ട ഉടമകളിൽ നിന്ന് എത്ര കോടി പിരിഞ്ഞ് കിട്ടാനുണ്ട്. ലോട്ടറി ഇനത്തിൽ , ഓൺ ലൈൻ ലോട്ടറിയും പേപ്പർ ലോട്ടറിയും ഉൾപ്പെടെ എത്ര കോടി പിരിഞ്ഞു കിട്ടാനുണ്ട്. | ബി) തോട്ട ഉടമകളിൽ നിന്നും പിരിച്ചു കിട്ടാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ചു നല്കുന്നതാണ്. ബഹു: ഹൈക്കോടതി 23/2/2007 ലെ വിധിപ്രകാരം വില്പന നികുതി നിയമത്തിലെ വകുപ്പ് 5 ബി.എ. നിയമ വിരുദ്ധമായി പ്രഖ്യാപിച്ചു ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ സുപ്രീം കോടതി തള്ളിയ സാഹചര്യത്തിൽ ലോട്ടറി ഇനത്തിൽ കുടിശ്ശിക ഇപ്പോൾ നിലവിലില്ല |
| സി) ഇവ സമയ ബന്ധിതമായി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എന്നത്തേക്ക് കുടിശ്ശിക പിരിച്ചെടുക്കാനാകുമെന്നും വ്യക്തമാക്കുമോ? | സി) കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തിവരുന്നു.<br>2. കുടിശ്ശിക പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3. എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി കമ്മീഷണർമാരടക്കമുള്ള സെയിൽടാക്സ് ഓഫീസർമാരുടെ |

യോഗം വിളിച്ചുകൂട്ടി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശം വാണിജ്യ നികുതി കമ്മീഷണർ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 142** **10.09.2007-ൽ മറുപടിയ്ക്ക്**

### പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം**

ശ്രീ . എം.ചന്ദ്രൻ :
,, എം.കെ. പുരുഷോത്തമൻ :
,, കെ.സി.കുഞ്ഞിരാമൻ :
,, ബി.ഡി.ദേവസി :
,, ബി. രാഘവൻ :

**ഉത്തരം**

ശ്രീ.എ. കെ. ബാലൻ
(ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | | എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണവും സൗജന്യവുമായ ചികിത്സ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിച്ചിട്ടുള്ള 10 കോടി രൂപ വിനിയോഗിച്ച് ഒരു സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുവാൻ സർക്കാർ തീരുമാനിക്കുകയും ടി പദ്ധതിയ്ക്ക് ഭരണാനുമതി നല്കിക്കൊണ്ട് 13.8.07-ലെ 45/07/പ.ജ.പ.വ.വി.വ. നമ്പർ പ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം ജില്ലാ ആശുപത്രി സൂപ്രണ്ടുമാർ, സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ സൂപ്രണ്ടുമാർ, സഹകരണ മെഡിക്കൽ കോളേജിലെ സൂപ്രണ്ടുമാർ, ആർ.സി.സി., ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജി, മലബാർ കാൻസർ സെൻറർ എന്നിവിടങ്ങളിലെ ഡയറക്ടർമാർ എന്നിവരുടെ പേരിൽ ആവശ്യാനുസരണം തുക അനുവദിച്ചു നല്കുകയും ടി സ്ഥാപനങ്ങൾ മുഖേന പദ്ധതി നടപ്പിലാക്കുകയും ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ആശുപത്രികളിൽ നിന്നാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത് : പദ്ധതിക്കാവശ്യമായ ഫണ്ട് എങ്ങനെയാണ് ലഭ്യമാക്കുന്നത്; | | ബി) 14 ജില്ലാ ആശുപത്രികൾ, വയനാട്, കണ്ണൂർ , പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ, 5 സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികൾ, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജി, റീജിയണൽ കാൻസർ സെൻറർ, മലബാർ കാൻസർ സെൻറർ എന്നിവിടങ്ങളിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സലഭിക്കും. 2007-08 |

| | | |
|---|---|---|
| | | വർഷത്തിൽ അനുവദിച്ച 2.36 കോടി രൂപയുടെ വിനിയോഗവും ടി തുക എത്ര പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്രദമായി എന്നതും അടിസ്ഥാനമാക്കി വരും വർഷങ്ങളിൽ തുക ടി സ്ഥാപനങ്ങളിലെ ബന്ധപ്പെട്ടവരുടെ പേരിൽ അനുവദിക്കുന്നതാണ് |
| സി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി വയനാട് ജില്ലയിലെ നൂൽപ്പുഴ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ സ്ഥാപിച്ച ആശുപത്രികൾ പ്രവർത്തന സജ്ജമാക്കുവാനും അവിടെ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ? | | സി) ചോദ്യത്തിൽ പരാമർശിക്കുന്ന വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കായിട്ടുള്ള ആശുപത്രി മാനന്തവാടി താലൂക്കിൽ നല്ലൂർനാട് എന്ന സ്ഥലത്താണ് സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നത്. ടി ആശുപത്രിയും പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലെ കോട്ടത്തറയിൽ പട്ടിക വർഗ്ഗക്കാർക്കായി സ്ഥാപിച്ച 100 ബെഡ്ഡുകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും സർക്കാർ ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ പട്ടികവർഗ്ഗക്കാർക്കു മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി 21.8.07-ന് ഔപചാരികമായി പ്രവർത്തനം ആരംഭിച്ചു |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:143 — 10-09-2007-ൽ മറുപടിയ്ക്ക്

## ഭൂമിയ്ക്ക് ന്യായവില

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ:
ശ്രീ.സി.കെ.സദാശിവൻ:
ശ്രീ.എം.പ്രകാശൻ മാസ്റ്റർ:
ശ്രീ.കെ.സി.രാജഗോപാലൻ:
ശ്രീ.എ.പ്രദീപ് കുമാർ:

**ഉത്തരം**

ശ്രീ.എസ്.ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ഭൂമിയ്ക്ക് ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) അതാതു പ്രദേശത്തെ ആർ.ഡി.ഒ. മാരാണ് ഓരോ വില്ലേജിലെയും സർവ്വേ നമ്പർ അടിസ്ഥാനപ്പെടുത്തി ഭൂമിയ്ക്ക് ന്യായവില നിശ്ചയിക്കുന്നത്. സംസ്ഥാനത്തുടനീളം ന്യായവിലയ്ക്ക് ഒരു ഐകരൂപ്യം ഉണ്ടായിരിക്കും വിധം മാനദണ്ഡങ്ങൾക്ക് വിധേയമായി ന്യായവില നിർണ്ണയിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് ന്യായവില നിർണ്ണയിക്കുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. |
| (ബി) ന്യായവില നിശ്ചയിക്കുന്നതിൽ മുൻകാലത്ത് ഉണ്ടായിട്ടുള്ള അപാകതകൾ ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) ന്യായവില നിർണ്ണയത്തിൽ മുൻകാലത്ത് ഭൂമി ശാസ്ത്രീയമായി തരംതിരിക്കാതെ വില നിർണ്ണയിച്ചതു മൂലം ഉണ്ടായ അപാകതകൾ ഒഴിവാക്കാനായി 15 തരമായി ശാസ്ത്രീയമായി ഭൂമി തരംതിരിച്ചാണ് വില നിർണ്ണയം നടത്തുന്നത്. |
| (സി) ന്യായവില നിശ്ചയിച്ച് എന്നത്തേയ്ക്ക് കരട് വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (സി) രണ്ട് മാസത്തിനുള്ളിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കാമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ—ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.144. 10.9.2007-ൽ മറുപടിക്ക്

മത്സ്യകേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ :<br>ശ്രീ.എ.എം.യൂസഫ് :<br>ശ്രീ.എ.സി.മൊയ്തീൻ :<br>ശ്രീമതി.കെ.എസ്.സലീഖ :<br>ശ്രീ.കെ.ടി.ജലീൽ : | ശ്രീ. എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) 'മത്സ്യകേരളം' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനം എന്ന ലക്ഷ്യം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ ഏകദേശം 10000 ഹെക്ടർ ശുദ്ധജല പ്രദേശങ്ങളും ഓരുജല പ്രദേശങ്ങളും മൂന്നുവർഷംകൊണ്ട് വികസിപ്പിക്കുവാനും നൂതന സാങ്കേതികമാർഗ്ഗങ്ങളിലൂടെ മത്സ്യകൃഷി വിപുലപ്പെടുത്തുവാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) എത്ര ഏക്കർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ; | (ബി) മൂന്ന് വർഷംകൊണ്ട് സംസ്ഥാനത്ത് 6000 ഹെക്ടർ ശുദ്ധജലാശയങ്ങളിലും 3700 ഹെക്ടർ ഓരുജലപ്രദേശങ്ങളിലും ശുദ്ധജലമത്സ്യകൃഷിയും ഓരുജലമത്സ്യകൃഷിയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ 280 ഹെക്ടർ പ്രദേശത്ത് സംയോജിത മത്സ്യകൃഷി നടപ്പാക്കാനും ലക്ഷ്യമിടുന്നു. |
| (സി) ഇതിനായി ഫിഷറീസ് വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ; | (സി) ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന എഫ്.എഫ്.ഡി.എ., ബി.എഫ്.എഫ്.ഡി.എ., അഡാക്ക് തുടങ്ങിയ ഏജൻസികൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിവരുന്നതേയുള്ളൂ. |
| (ഡി) ഈ പദ്ധതി മുഖേന ഉൾനാടൻ മത്സ്യോത്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടു | (ഡി) മൂന്ന് വർഷംകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യം 20,000 ടൺ മത്സ്യവും 4000 ടൺ ആറ്റുകൊഞ്ചും 3700 ടൺ |

| | |
|---|---|
| ഉള്ളത്; | ചെമ്മീനും, 486 ടൺ കക്ക, ഞണ്ട് എന്നിവയും 52 ടൺ കടൽപ്പായലും അധികമായി ഉൽപ്പാദിപ്പിക്കുകയെന്നതാണ്. |
| (ഇ) മത്സ്യത്തിന്റെ വിപണനം സുഗമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഇ) മത്സ്യത്തിന്റെ വിപണനം സുഗമമാക്കുന്നതിനായി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. കൂടാതെ മത്സ്യഫെഡ്, ഐ.എഫ്.പി. തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉല്പന്ന വിപണനത്തിന് പരിപാടി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. സുനാമി ദുരിതാശ്വാസപദ്ധതിയുടെ ഭാഗമായി നിലവിൽവരുന്ന മിനി സൂപ്പർമാർക്കറ്റുകളും മത്സ്യോല്പന്ന വിപണനത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

10-9-2007 ലെ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 145

## പ്രവാസികൾക്ക് കെ.എസ്.എഫ്.ഇ ചിട്ടികൾ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം : | ഉത്തരം: |
|---|---|
| ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ.ബാബു എം. പാലിശ്ശേരി | ഡോ.ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |
| എ) പ്രവാസികളെ ഉദ്ദേശിച്ച് കെ.എസ്.എഫ്.ഇ പ്രത്യേക ചിട്ടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) പ്രവാസികളെ ഉദ്ദേശിച്ച് പ്രത്യേകം ചിട്ടികൾ (പ്രവാസി ബന്ധു ചിട്ടികൾ) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളുടെ നക്കൽ തയ്യാറാക്കി വരുന്നതേയുള്ളൂ; |
| ബി) പ്രവാസികളെ ഉൾപ്പെടുത്തി ചിട്ടി നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; | ബി) പ്രവാസികൾക്കായി നേരിട്ടു ചിട്ടികൾ നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ട്. അതുകൊണ്ട് കേന്ദ്ര സർക്കാർ അനുമതി ആവശ്യമാണ്. എന്നാൽ പ്രവാസി-ബന്ധു ചിട്ടികൾ ആരംഭിക്കുന്നതിന് നിയമപരമായ തടസ്സങ്ങളില്ല. അതുകൊണ്ടു തന്നെ കേന്ദ്രസർക്കാർ അനുമതി ആവശ്യമില്ല. |
| സി) പ്രവാസികൾക്ക് ചിട്ടി പിടിക്കാൻ ജാമ്യ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നുണ്ടോ; | സി) കെ.എസ്.എഫ്.ഇ യിലെ ജാമ്യ വ്യവസ്ഥകൾ എല്ലാം തന്നെ ഈയിടെ ലഘൂകരിച്ചിട്ടുണ്ട്. ആൾ ജാമ്യവ്യവസ്ഥയും വസ്തു ജാമ്യ വ്യവസ്ഥയും ഇടപാടുകാർക്ക് ഏറ്റവും സ്വീകാര്യവുമായിട്ടുള്ള രീതിയിലായിട്ടാണ് മാറ്റിയിട്ടുള്ളത്. പ്രവാസി-ബന്ധു ചിട്ടിക്കും ഇത്തരം ജാമ്യ വ്യവസ്ഥകൾ ബാധകമാക്കുന്നതാണ് |

(ഡി) കെ.എസ്.എഫ്.ഇ ചിട്ടികളുടെ നടത്തിപ്പിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ഡി) കെ.എസ്.എഫ്.ഇ. ചിട്ടികളുടെ നടത്തിപ്പിൽ കാലോചിതമായി പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതുകൊണ്ടാണ് കെ.എസ്.എഫ്.ഇ . ഈ ചിട്ടികൾക്കായി ചില പ്രത്യേക കാംപെയിനുകളിൽ സമ്മാന പദ്ധതികൾ ഈയിടെ ഉൾപ്പെടുത്തുന്നത്. ഇപ്പോൾ പൊന്നോണ ചിട്ടികൾ 2007 എന്ന പേരിൽ പ്രത്യേക കാംപെയിൻ നടന്നു വരുന്നു. ഈകാലയളവിൽ ചിട്ടിയിൽ ചേരുന്നവർക്കും കൃത്യമായി തവണ സംഖ്യ അടയ്ക്കുന്നവർക്കും നിരവധി സമ്മാനങ്ങൾ കൊടുക്കുന്നുണ്ട്. മുൻപൻ കമ്മീഷന്റെ 15 % വരെ സമ്മാനങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

| | |
|---|---|
| <u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 146</u> | <u>10-09-2007-ൽ മറുപടിക്ക്</u> |

# ആദിവാസികൾക്ക് ഭൂമി

| | <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|---|
| | ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീമതി.ജെ. അരുന്ധതി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ | ശ്രീ.എ. കെ. ബാലൻ<br>(ബഹു: പട്ടിക സമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ | ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആറളം ഫാമിൽ 3779 ഏക്കർ ഭൂമിയും, ആലക്കോട് 340 ഏക്കർ ഭൂമിയും വിതരണത്തിനായി കണ്ടെത്തിയിട്ടുണ്ട്. ഇത് നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഉടൻ വിതരണം ചെയ്യുന്നതാണ്. ഇതിന് പുറമെ 7693.2257 ഹെക്ടർ (19002 ഏക്കർ) വനഭൂമി ആദിവാസി പുനരധിവാസത്തിന് വേണ്ടി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ Net Present Value ആയി 577 കോടി രൂപ സർക്കാർ വഹിക്കേണ്ടതുണ്ട്. സംസ്ഥാനം അടയ്ക്കേണ്ട ഈ തുക ഒഴിവാക്കി കിട്ടാൻ വേണ്ടി സംസ്ഥാന സർക്കാർ സമർപ്പിച്ച IA 1137/2004 നമ്പർ ഹർജി സുപ്രീം കോടതി തീർപ്പാക്കിയിട്ടില്ല. ഇത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുതുതായി കൊണ്ടു വന്ന Scheduled Tribes & Other Traditional Forest Dwellers (recognition of Forest Rights) Act 2006 നിയമം നടപ്പിലാവുമ്പോൾ ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കുവാൻ കൂടുതൽ ഭൂമി ലഭ്യമാവുന്നതാണ്. ഈ നിയമം നടപ്പിലാക്കുന്നതിനുള്ള റൂൾസ് ഫ്രെയിം ചെയ്യുവാനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഇതെല്ലാം ചേർത്തും, റവന്യൂ, ഫോറസ്റ്റ് വകുപ്പുകളുടെ സഹകരണത്തോടെയും ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കാനാണ് സർക്കാർ തീവ്രശ്രമം നടത്തി വരുന്നത്. |
| ബി | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകി; എത്ര ഏക്കർ ഭൂമിയാണ് വിതരണം ചെയ്തത് ; | <u>ബി(യും) സി (യും)</u><br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 302 കുടുംബങ്ങൾക്കായി 129.79 ഏക്കർ ഭൂമിയ്ക്കുള്ള പട്ടയം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2086 പേർക്ക് 3238.59 ഏക്കർ സ്ഥലത്തിന് അവകാശ രേഖ നൽകിയിട്ടുണ്ട്. |
| സി | എത്ര ആദിവാസികൾക്ക് ഭൂമി അനുവദിച്ച് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്; | |

| | | |
|---|---|---|
| ഡി | ആറളം ഫാമിൽ നിന്ന് ആദിവാസികൾക്ക് ഭൂമി അനുവദിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി ആറളം ഫാമിൽ 3779 ഏക്കർ ഭൂമി മൊത്തത്തിലുണ്ട്. ഇതിൽ 751 ഏക്കർ വിതരണം ചെയ്തു. 1717 ഏക്കർ സ്ഥലം വിതരണത്തിനുള്ള നടപടി ക്രമം പൂർത്തിയാക്കിയിട്ടുണ്ട്. |

Sushama S.
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 147 — 10.09.07ൽ മറുപടിയ്ക്ക്

## മറയൂർ ചന്ദന റിസർവ്വിലെ ചന്ദനക്കടത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) മറയൂർ ചന്ദന റിസർവ്വിൽ നിന്നും ചന്ദന കള്ളക്കടത്ത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) മറയൂർ ചന്ദന റിസർവ്വിൽ നിന്നും ചന്ദന കള്ളക്കടത്ത് തടയുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി. |

1. മറയൂർ മേഖലയിലെ അനിയന്ത്രിത ചന്ദനക്കൊള്ള തടയുന്നതിന് 'മറയൂർ ചന്ദന ഡിവിഷൻ' എന്ന പേരിൽ മറയൂർ ആസ്ഥാനമാക്കി ഒരു പ്രത്യേക ഡിവിഷൻ പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള മറയൂർ, കാന്തല്ലൂർ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകൾ നിലനിർത്തി നാച്ചിവയൽ, വണ്ണാന്തുറൈ എന്നീ സ്ഥലങ്ങളിൽ ഓരോ പുതിയ ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിച്ചു. കുറ്റകൃത്യങ്ങളെക്കുറിച്ച് ഡിപ്പാർട്ടുമെന്റിൽ വിളിച്ചുപറയാൻ ഒരു ടോൾഫ്രീ ടെലഫോൺ കണക്ഷൻ ആരംഭിച്ചു. (1800.9264733)

2. ചന്ദനക്കൊള്ള തടയുവാൻ ചന്ദനക്കാടുകൾ ചെറിയ ബ്ലോക്കുകൾ ആയി തിരിച്ച് ജീവനക്കാരേയും വാച്ചർമാരേയും വിന്യസിച്ച് സംരക്ഷണം ഉറപ്പു വരുത്തുന്നു. ജീവനക്കാർ ഉൾക്കാടുകളിൽ ക്യാമ്പ് ചെയ്ത് രാത്രിയും പകലും സംരക്ഷണം ഉറപ്പു വരുത്തുന്നു. ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി 20 വന സംരക്ഷണ സമിതികൾ രൂപീകരിച്ച് വനം സംരക്ഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് ആവശ്യമുള്ള ആയുധങ്ങളും ആധുനിക വാർത്താ വിനിമയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

3. ചന്ദന റിസർവ്വിന് ചുറ്റും 17 കി.മീറ്റർ ദൂരത്തിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് നടത്തി. കൂടാതെ 8 കി.മീറ്റർ ദൂരത്തിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് പണി നടന്നു വരുന്നു. ഇതുവഴി ചന്ദനക്കള്ളക്കടത്തുകാരുടെ പെട്ടെന്നുള്ള കടന്നുകയറ്റം തടയാൻ കഴിഞ്ഞിട്ടുണ്ട്.

4. ചന്ദനക്കൊള്ള തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചിരുന്ന 23 ചന്ദന ഫാക്ടറികൾ പൂട്ടി സീൽ ചെയ്തു.

5. ചന്ദന മോഷണവുമായി ബന്ധപ്പെട്ട കേസുകളിലെ പ്രതികളെ യഥാസമയം അറസ്റ്റുചെയ്യുകയും കേസുകൾ യഥാസമയം ചാർജ്ജ് ചെയ്യുകയും ചെയ്തു വരുന്നു. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ഫോറസ്റ്റ്-പോലീസ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംസ്ഥാനാന്തര കുറ്റവാളികളെ പിടികൂടുന്നുണ്ട്. 2007 മെയ് മാസത്തിൽ ആന്ധ്രാപ്രദേശിലെ ബന്ന ഹള്ളിയിൽ നിന്നും രണ്ട് സംസ്ഥാനാന്തര കുറ്റവാളികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. ഈയിടെ 8 ചന്ദന കേസുകളിലെ പ്രധാന പ്രതിയെ മണ്ണാർക്കാട്ട് നിന്നും അറസ്റ്റു ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇവിടെ നിന്നും ഇപ്പോൾ വീണ്ടും ചന്ദന കടത്ത് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | മുകളിൽ പറഞ്ഞിട്ടുള്ള സംരക്ഷണ നടപടികളുടെ ഫലമായി ചന്ദനക്കടത്ത് ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :148

10/09/2007-ൽ മറുപടിക്ക്

വൈദ്യുതി ബിൽ തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ജെ. ജേക്കബ്, എം. എൽ. എ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ, എം. എൽ. എ<br>ശ്രീമതി. പി. അയിഷാ പോറ്റി, എം. എൽ. എ<br>ശ്രീ. കെ. കെ. ദിവാകരൻ, എം. എൽ. എ | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ. വൈദ്യുതി ബിൽ തുക സ്വീകരിക്കുന്ന കാര്യത്തിൽ എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്;<br><br>ബി. സ്പോർട്ട് ബില്ലിംഗ് നടത്തുന്ന ഉദ്യോഗസ്ഥൻ മുഖേന ബിൽ തുക സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | ഇപ്പോൾ വൈദ്യുതി ബിൽ തുക ഉപഭോക്താക്കളിൽ നിന്നും സ്വീകരിക്കുന്നത് കെ. എസ്. ഇ. ബി. യുടെ സെക്ഷൻ ഓഫീസുകൾ, കാഷ് കളക്ഷൻ സെന്ററുകൾ, ഫ്രണ്ട്സ്/അക്ഷയ ജനസേവനകേന്ദ്രങ്ങൾ മുഖേനയാണ്.<br>എ & ബി. വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം വൈദ്യുതി ബിൽ തുക Spot Biller വഴി സ്വീകരിക്കുന്ന സംവിധാനം നടപ്പിൽ വരുത്താൻ പറ്റുമോ എന്ന് പരിശോധിച്ചു വരുന്നു. സെക്ഷനുകളിലെ കൗണ്ടറുകളിലൂടെയുള്ള കളക്ഷൻ സമയം വർദ്ധിപ്പിച്ച് സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യവും ആലോചനയിലുണ്ട്.ബോർഡിലെ അംഗീകൃത തൊഴിലാളി സംഘടനകളുമായി കൂടി ആലോചിച്ച ശേഷം പരിഷ്കാരങ്ങളിൽ അന്തിമതീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്. |

RAmam

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.149 10.09.2007-ൽ മറുപടിക്ക്

ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ. എം.ദിനേശ് മണി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ആർ.സെൽവരാജ്. | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| ( എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ പ്രാരംഭഘട്ടമായി പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളെ അഴിമതി വിമുക്തമാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വേണ്ടത്ര പരിശീലനം നൽകി വിവിധ ചെക്ക്പോസ്റ്റുകളിൽ നിയമിച്ചു. കൂടുതൽ കൗണ്ടറുകൾ തുടങ്ങി ചെക്ക് പോസ്റ്റുകളിലെ തിരക്കൊഴിവാക്കി. പാലക്കാട് ജില്ലയിൽ ആരംഭിച്ച ഹെൽപ്പ്ഡെസ്ക് മറ്റ് ജില്ലകളിലേക്കും ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സോഷ്യൽ ആഡിറ്റിംഗ് സംവിധാനം നടപ്പിലാക്കിയതിലൂടെ ചെക്ക് പോസ്റ്റുകളിൽ സുതാര്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) വാളയാറിലെ വാണിജ്യ നികുതി ചെക്ക്പോസ്റ്റ് ആധുനികവൽക്കരിക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി)വാളയാറിലെ വാണിജ്യനികുതി ചെക്ക്പോസ്റ്റ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കി വരുന്ന നടപടികൾ താഴെപ്പറയുന്നു.<br><br>(എ) വാണിജ്യനികുതി, ആർ.ടി.ഒ, മൃഗസംരക്ഷണം, എക്സൈസ്, പോലീസ്, വനം എന്നീ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സംയോജിത ചെക്ക്പോസ്റ്റ് വാളയാറിൽ |

| | |
|---|---|
| | സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിലേക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.<br><br>(ബി) വാളയാറിലെ ഔട്ട്ചെക്ക്പോസ്റ്റിലെ തിരക്ക് ഒഴിവാക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കുമായി ഒരു ചെക്ക്പോസ്റ്റ് ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തുനിന്നും 2 കി.മീ. അകലെ വാളയാർ പോലീസ് സ്റ്റേഷന് സമീപം വട്ടപ്പാറ എന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിന്റെ പണി പുരോഗമിച്ചുവരികയാണ്.<br><br>(സി) വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള പ്ലാറ്റ്ഫോം നവീകരിക്കുന്നതിനും പുതിയതായി ഒന്നുകൂടി സ്ഥാപിക്കുന്നതിനും വേ ബ്രിഡ്ജ്, ടോയിലറ്റ്, വാട്ടർടാങ്ക് എന്നിവ പൊളിച്ചുമാറ്റുന്നതിനും പുതിയ ക്യാബിൻ, ടോയിലറ്റ് ബ്ലോക്ക്, ഓവുചാൽ, അതിരുവേലി, വാഹനങ്ങൾ നിർത്തി പരിശോധിക്കുന്ന സ്ഥലം എന്നിവ വിപുലീകരിക്കുന്നതിനും ഇലക്ട്രിക്കൽ, കമ്പ്യൂട്ടർ നെറ്റ് വർക്ക് മുതലായവയുടെ നവീകരണത്തിനും അനുമതി നൽകിയിട്ടുണ്ട്.<br><br>(ഡി) വാളയാർ ചെക്ക്പോസ്റ്റിൽ ഹൈമാസ്റ്റ് ഫ്ളഡ്ലൈറ്റ് സംവിധാനം പ്രവർത്തിച്ചുവരുന്നു. |
| (സി) ഇതിന്റെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ് ; | (സി) കൈക്കൂലി, മാമൂൽ ഇവ ഒഴിവാക്കാൻ കഴിഞ്ഞു. ഹെൽപ്പ് ഡെസ്ക് സമ്പ്രദായം ചെക്ക് പോസ്റ്റിൽ വരുന്നവരുടെ സംശയനിവാരണത്തിനും, അതുവഴി വിശ്വാസ്യത വർദ്ധിപ്പിക്കുവാനും ഉതകുന്നുണ്ട്. നടപടിക്രമങ്ങൾ അതിവേഗം |

| | |
|---|---|
| | പൂർത്തിയാക്കി കാലതാമസം കൂടാതെ വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. |
| (ഡി) സംസ്ഥാനത്തെ എല്ലാചെക്ക്പോസ്റ്റുകളും ആധുനികവൽക്കരിക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) പാലക്കാട് മാതൃകയിൽ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളെയും ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 150

10. 9. 2007-ൽ മറുപടിയ്ക്ക്

## നിർമ്മാണത്തിലിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ

ചോദ്യം

ശ്രീ. പി.കെ.അബ്ദു റബ്ബ്
ശ്രീ യു.സി.രാമൻ

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ ഏതെല്ലാം ;

എ) വിഴിഞ്ഞം, കായംകുളം,പൊന്നാനി, മുതലപ്പൊഴി. തോട്ടപ്പള്ളി, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണമാണ് നടന്നുവരുന്നത്. കണ്ണൂർ ജില്ലയിലെ തലായിലും ഉടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

ബി) ഇതിൽ മലബാർ മേഖലയിൽ എത്ര എണ്ണം ഉണ്ട് ; എവിടെയെല്ലാം ;

ബി) മലബാർ മേഖലയിൽ പൊന്നാനി, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. തലായ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

സി) ഇതിൽ ഓരോന്നിന്റേയും പണി എപ്പോൾ പൂർത്തിയാക്കുവാനാകുമെന്ന് വ്യക്തമാക്കുമോ ;

സി) വിഴിഞ്ഞം, മുതലപ്പൊഴി. കായംകുളം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം അവസാനത്തോടു കൂടിയും തോട്ടപ്പള്ളി, പൊന്നാനി ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2008 അവസാനത്തോടു കൂടിയും പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം 3-9-2007 ന് ആരംഭിച്ചിട്ടുണ്ട്. മൂന്ന് വർഷത്തിനകം പൂർത്തിയാകുന്നതാണ്. കൂടാതെ തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കാനാവുമെന്ന് കരുതുന്നു. ഇതും ആരംഭിച്ച് നാല് വർഷത്തിനകം പൂർത്തിയാക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ